# മരിയദൂത്

A Schoenstatt Movement Publication



ബന്ധങ്ങളിലൂടെ...

# അഭിനന്ദനങ്ങൾ!!



സെപ്റ്റംബർ 26–ാം തീയതി തലശ്ശേരി
അതിരൂപത മെത്രാൻ അഭിവന്ദ്യ
മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ
കൈവെപ്പ് ശുശ്രൂഷ വഴി ഈശോയുടെ
പൗരോഹിത്യത്തിൽ പങ്കുചേർന്ന
ബഹു. ഫാദർ ടിനു പ്ലാത്തോട്ടത്തിന്
എല്ലാവിധ പ്രാർത്ഥന മംഗളങ്ങളും
നേർന്നുകൊള്ളുന്നു.

ആഗസ്റ്റ് 6–ാം തീയതി
പാലാ രൂപതാ മെത്രാൻ അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ
കൈവയ്പ്പു ശുശ്രൂഷവഴി
പൗരോഹിത്യം സ്വീകരിച്ച ബഹു. ഫാദർ
സണ്ണി തോമസിന് എല്ലാവിധ
പ്രാർത്ഥന ആശംസകളും
നേർന്നുകൊള്ളുന്നു.



# മരിയദൂത്

**ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക**

**2020 സെപ്തംബർ – ഒക്ടോബർ– നവംബർ**

## താളുകളിലൂടെ......

**ലേഖനങ്ങൾ**

- സ്നേഹം കൊണ്ട് പൂരിപ്പിക്കേണ്ട ഇടം - **ഫാ. സെബി കൊളങ്ങര**
- മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും ആവശ്യകത - **ഫാ. പീറ്റർ ലോഹർ ISch**
- സ്വർഗ്ഗവും ഭൂമിയുമായുള്ള ബന്ധത്തിന്റെ കണ്ണി - **ബ്ര. റെൻസൻ പാണേങ്ങാടൻ**
- അമ്മയുടെ മെഡിക്കൽ കോളേജ് - **ഫാ. ഡോ. ഫ്രാൻസീസ് ആലപ്പാട്ട്**
- ഒക്ടോബർ ഒരു ഓർമ്മച്ചെപ്പ് - **സി. മേരി FSSH**
- **Trending Life** - **ഡീ. റൊണാൾഡ് മോളത്ത് ISch**
- കാർലോ അക്യുറ്റിസ് - **ബ്ര. റെൻസൻ പാണേങ്ങാടൻ**
- എന്നമ്മയെ ഓർക്കുമ്പോൾ മാതാവെ നിന്നെ ഞാൻ ഓർക്കുന്നു - **റവ. ഡോ. വിൽസൻ പാറേക്കാട്ടിൽ ISch**
- ബാലദൂത് - **ദോസ്ത്**
- ചിരിക്കാൻ ചിന്തിക്കാൻ - **ജെ.കെ.**
- പ്രവാചക ചരിത്രം - **ഡോ.ജോയ് പുതുശ്ശേരി ISch**
- ഹൃദയമൊഴി - **ഡോ.ജോയ് പുതുശ്ശേരി ISch**
- വാർത്താജാലകം

**പ്രസാദവരനാഥ ഞങ്ങളുടെ ജീവിതത്തിൽ**

- പ്രസാദവരനാഥ എന്റെ ജീവിതത്തിന്റെ മാന്ത്രിക താക്കോൽ
- പ്രസാദവരനാഥ ഞങ്ങളുടെ ഭവനത്തിന്റെ അമ്മ

രക്ഷാധികാരി
**വെ. റവ. ഫാ. ജോയ് മടത്തുംപിടി** ISch

ചീഫ് എഡിറ്റർ
**റവ. ഡോ. ജോയ് പുതുശ്ശേരി** ISch


മാനേജിംഗ് എഡിറ്റർ
**ഡോ.ഫാ. വിൽസൺ പാറേക്കാട്ടിൽ** ISch
Mob: 9947440008

അസ്സോസിയേറ്റ് എഡിറ്റർ
**ഫാ. ഷാജൻ മാണിക്യത്താൻ** ISch

സർക്കുലേഷൻ മാനേജർ
**ഫാ. ജെറിൻ ചൂണ്ടൽ** ISch

പ്രിന്റിംഗ് & ഡിസൈൻ
**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch

എഡിറ്റോറിയൽ ബോർഡ്
**ഫാ. ജെസ്റ്റിൻ വടക്കയിൽ** ISch
**ഫാ. ക്രിസ്റ്റോ കാരക്കാട്ട്** ISch
**ഡീ. റൊണാൾഡ് മോളത്ത്** ISch




Cover Design
**Schoenstatt Media**

എഡിറ്റോറിയൽ

# കുലീന ബന്ധങ്ങൾ

ഫ്രഞ്ച് ചരിത്രകാരനായ റെനെ ഗിരാർഡും (Rene Girard) അമേരിക്കൻ ഫ്രഞ്ച് മനശാസ്ത്രജ്ഞനായ ജീൻ മിഷൽ ഔഗോർലിയൻസും (Jean Michel Oughourlian) ആണ് Interdividual Psychology ആരംഭിച്ചത്. അതിന്റെ തത്വം ഇപ്രകാരമാണ്: മനുഷ്യർ ബന്ധങ്ങളുടെ ഭൂമികയിൽ സൃഷ്ടിക്കപ്പെട്ടവരാണ്. അതിനാൽ Individual എന്നതിനെക്കാൾ Interdividual എന്നതാണ് മനുഷ്യന് ചേരുക. കാരണം, വ്യക്തിത്വം(Individuality) എന്നത് വ്യക്തിക്കുള്ളിൽ മാത്രം സ്ഥിതി ചെയ്യുന്ന ഒന്നല്ല, മറിച്ച് വ്യക്തികൾ തമ്മിലുള്ള ബന്ധത്തിന്റെ നിഗൂഢ സുതാര്യതയുടെ ഫലമാണ്. ബന്ധത്തിലായിരിക്കുകയെന്നത് മനുഷ്യന്റെ അസ്തിത്വത്തിന്റെ ഭാഗമാണ്. To be is to be relational. ബന്ധങ്ങളില്ലാതെ മനുഷ്യന് ജീവിക്കുക എളുപ്പമല്ല.

ബന്ധങ്ങളുടെ പവിത്രതയും വിശുദ്ധിയും ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം. സാമൂഹ്യ ജീവിയെന്ന നിലയിൽ ബന്ധങ്ങൾ മനുഷ്യന് അനിവാര്യമാണ്. നാല് തരത്തിലുള്ള ബന്ധങ്ങളിൽ ഇഴചേർന്നതാണ് നമ്മുടെ ജീവിതം. സ്വന്തം വിചാരവികാരങ്ങളെ അറിയാനും പ്രതികരിക്കാനും കഴിയുമ്പോൾ വ്യക്തിതലം (Personal Level) ആരംഭിക്കുന്നു. കുടുംബ-സാമൂഹികബന്ധങ്ങളിൽ നമ്മുടെ ഇടപെടലുകൾ ഉൾക്കൊള്ളുന്നതാണ് സാമൂഹികതലം (Social Level). നാം വസിക്കുന്ന ഭൂമിയോടും അതിന്റെ ചുറ്റുപാടുകളോടുമുള്ള പ്രതിബദ്ധതയാണ് പ്രകൃതിതലം (Relation to Nature). ദൈവവുമായുള്ള ബന്ധം ഉൾപ്പെടുന്നതാണ് ആദ്ധ്യാത്മിക തലം (Spiritual Level). നാല് തലത്തിലുമുള്ള ബന്ധങ്ങളെയും സമഗ്രമായി ഒരുമിച്ചു കൊണ്ടുപോവുകയാണ് നമ്മുടെ വെല്ലുവിളി. ബന്ധങ്ങൾ ഒത്തിരിയേറെ ഭാവനാലോകത്തിലേക്ക് (Virtual Reality) ഒതുങ്ങുമ്പോൾ അതിന്റെ സ്വാധീനം തീർച്ചയായിട്ടും നമ്മുടെ ബന്ധങ്ങളിൽ പ്രതിഫലിക്കും.

ഭാവനാലോകത്തിന്റെ (Virtual Reality) അതിപ്രസരത്തിൽ കുടുംബ-സ്നേഹ-സൗഹൃദ ബന്ധങ്ങളുടെ തനിമയും ഊഷ്മളതയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംഭാഷണമദ്ധ്യേ ഒരു വ്യക്തി പറഞ്ഞ കാര്യം: ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യമായി കാണുന്നത് ആത്മാർത്ഥബന്ധമുള്ള ഒരു പറ്റം ആത്മമിത്രങ്ങളെയാണ്. ബന്ധങ്ങളുടെ പവിത്രതയും കുലീനതയും കാത്ത് സൂക്ഷിക്കാൻ കഴിയുന്നവർക്ക് ജീവിതസായാഹ്നത്തിൽ ബന്ധങ്ങളുടെ തണൽമരങ്ങൾ ഉണ്ടാകും.

യേശുവിന്റെ ബന്ധങ്ങളുടെ കലവറയാണ് ബൈബിൾ മുഴുവനും. ഓരോരുത്തരോടും അവരുടെ ജീവിതാവസ്ഥക്കനുസരിച്ച് സൗഹൃദം കാത്തുസൂക്ഷിക്കുന്നു യേശു. പരിശുദ്ധ അമ്മയുമായുള്ള ആത്മീയ ബന്ധത്തിന്റെ കഥയാണ് ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയിലെ ഓരോ സ്നേഹ ഉടമ്പടിയുടേതും. മാതാവുമായുള്ള നമ്മുടെ ആദ്ധ്യാത്മിക ബന്ധത്തെ ആഴപ്പെടുത്തുവാൻ സഹായിക്കുന്നതാണ് ജപമാല സമർപ്പണം.

കണ്ടുമുട്ടുന്ന ഓരോരുത്തരെയും അവരുടെ വ്യതിരിക്തതയോടുകൂടി നെഞ്ചോട് ചേർത്തുപിടിക്കാൻ കഴിയുമ്പോൾ കുലീനമായ ബന്ധങ്ങൾ സൃഷ്ടിക്കപ്പെടും. സഹവസിക്കുന്നവരുമായി ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകുമ്പോൾ ഭൂമിയിലെ സ്വർഗ്ഗത്തിന്റെ അവകാശികളായി നാം മാറും.

**ചീഫ് എഡിറ്റർ**

"ദൈവം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ദൈവമാണ്"




# സ്നേഹം കൊണ്ടു പൂരിപ്പിക്കേണ്ട ഇടം

## ഫാ. സെബി കൊളങ്ങര

വിവാഹിതനും രണ്ടുകുട്ടികളുടെ പിതാവുമായ ഒരു ചെറുപ്പക്കാരൻ. പുറമേ നിന്ന് നോക്കുമ്പോൾ സന്തുഷ്ടകരമായ കുടുംബജീവിതം. നല്ല വീട്. ഉദ്യോഗം, മിടുക്കരായ രണ്ട് മക്കൾ. ആരോഗ്യവും സൗന്ദര്യവുമുള്ള ദമ്പതികൾ. ഇളയമകനായതുകൊണ്ട് മാതാപിതാക്കളുടെ സംരക്ഷണ ഉത്തരവാദിത്തം അയാളുടെ ചുമലിലാണ്. അത് അയാൾ സന്തോഷത്തോടെയാണ് നിർവഹിച്ചുപോരുന്നതും. പക്ഷേ ഭാര്യയുടെ വിചാരം തന്നെക്കാൾ അയാൾ മാതാപിതാക്കളെ സ്നേഹിക്കുന്നു, പരിഗണിക്കുന്നു എന്നാണ്. അക്കാരണത്താൽ നിസ്സാരമായ കാരണങ്ങളുടെ പേരിൽ പോലും ഭാര്യ കുടുംബത്തിൽ പ്രശ്നങ്ങളുണ്ടാക്കുന്നു. വൃദ്ധയായ അമ്മയെയും ഭർത്താവിനെയും ചേർത്തുവച്ചുപോലും ഭാര്യ കഥകളുണ്ടാക്കുന്നു.

ഇനി മറ്റൊരു കുടുംബപ്രശ്നം നോക്കാം. ആദ്യം പറഞ്ഞതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് ഇത്. സർവ്വഗുണ സമ്പന്നനാണ് ഭർത്താവ്. പുകവലിയില്ല, മദ്യപാനമില്ല, മുൻകോപമില്ല. ഓഫീസ് വിട്ട് നേരെ വീട്ടിലേക്ക്. ഭാര്യയെ ജോലികളിൽ സഹായിക്കുക, അവളുടെ കൂടെ ആയിരിക്കുക. ഇതാണ് അയാളുടെ സന്തോഷം. ഇതൊക്കെ നല്ല കാര്യമല്ലേ ഇതിനെന്താ കുഴപ്പമെന്ന് പുറമേ നിന്ന് നോക്കുന്ന ആൾക്ക് തോന്നിയേക്കാം. പക്ഷേ ഭാര്യയുടെ പ്രതികരണം നമ്മുടേതുപോലെയല്ല തനിക്ക് ഭർത്താവിനെ സഹിക്കാൻ പറ്റുന്നില്ല എന്നാണ് ഭാര്യ പറയുന്നത്. ഇങ്ങനെയുമുണ്ടോ മനുഷ്യർ.



അങ്ങേരെ ഒന്ന് പ്രകോപിപ്പിക്കാൻ വേണ്ടി ഞാൻ ദേഷ്യപ്പെടുകയോ തർക്കുത്തരം പറയുകയോ ചെയ്താൽ പോലും അതൊന്നും വിഷയമേയല്ല. അങ്ങേര് ദൈവദൂതനാണോയെന്നാ എന്റെ ചില നേരത്തെ സംശയം. എല്ലാ ദിവസവും വീട്ടിൽ വരാത്തവിധം ദൂരെയെവിടേയ്ക്കെങ്കിലും അയാൾക്ക് ട്രാൻസ്ഫർ കിട്ടണേയെന്നാണ് എന്റെ ഇപ്പോഴത്തെ പ്രാർത്ഥന. അങ്ങേരൊന്ന് ദേഷ്യപ്പെട്ടിരുന്നുവെങ്കിൽ... പിണങ്ങിയിരുന്നുവെങ്കിൽ.. ഇതാണ് ആ ഭാര്യ ആഗ്രഹിക്കുന്നത്. നോക്കൂ, രണ്ടും രണ്ടുതരം വിഷയങ്ങളാണ്. ഒരിടത്ത് സ്നേഹം നഷ്ടപ്പെടുന്നുവോയെന്ന ആശങ്ക കൊണ്ടുള്ള മാനസിക അകൽച്ച. മറ്റൊരിടത്ത് സ്നേഹം കൊണ്ട് വീർപ്പുമുട്ടിക്കുന്നതുകൊണ്ടുള്ള മാനസിക പിരിമുറുക്കം. പുറമേയ്ക്ക് നോക്കുമ്പോൾ ശാന്തമെന്ന് തോന്നിയാലും പല കുടുംബങ്ങളുടെയും അകത്തളങ്ങൾ അത്ര ശാന്തമല്ല എന്നതാണ് സത്യം. പണ്ടുകാലങ്ങളിൽ വലിയ വലിയകാരണങ്ങളുടെ പേരിലാണ് കുടുംബങ്ങളിൽ പ്രശ്നങ്ങളും അകൽച്ചകളും ഉണ്ടായിക്കൊണ്ടിരുന്നതെങ്കിൽ ഇന്ന്

കാരണങ്ങൾ ചെറുതും പ്രശ്നങ്ങൾ വലുതുമാണ്. വലിയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും. എന്നാൽ ചെറിയപ്രശ്നങ്ങളെ എങ്ങനെയാണ് പരിഹരിക്കേണ്ടതെന്ന അറിവില്ലായ്മ മൂലം അവയൊരിക്കലും പരിഹരിക്കപ്പെടുകയില്ല.

അതുകൊണ്ടുതന്നെ നീറിക്കത്തുന്ന വിറകുപോലെ കുടുംബങ്ങളിൽ അത് പുകഞ്ഞുകൊണ്ടേയിരിക്കും. ആ പുക, ദമ്പതികളെ മാത്രമല്ല കുടുംബത്തിൽ ആരൊക്കെയുണ്ടോ അവരെയെല്ലാം ബാധിക്കും. വൃദ്ധരായ മാതാപിതാക്കൾ, കൊച്ചുകുട്ടികൾ.. കുടുംബബന്ധങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വരൾച്ചയും ഉരസലും ഇന്നത്തെ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളിൽ പ്രധാനപ്പെട്ടതാണ്. ക്രിസ്തീയമായ വിശ്വാസമനുസരിച്ച് ഇണയും തുണയും ആകേണ്ടവരാണ് ദമ്പതികൾ. ഒരാളുടെ കുറവുകളെ പരിഹരിക്കും വിധത്തിലാണ് ദൈവം മറ്റേയാളെ അയാൾക്ക് കൂട്ടിച്ചേർത്തുതരുന്നത്. അതുകൊണ്ടുതന്നെ ദമ്പതികൾ പരാതിപ്പെടേണ്ടവരോ പങ്കാളിയുടെ കുറവിനെ നോക്കി പരിതപിക്കേണ്ടവരോ അല്ല. ഇന്ന ആൾക്ക് പകരം വേറൊരാളായിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കാനോ വിചാരിക്കാനോ പോലും പാടില്ല. കാരണം ഇന്ന ആൾക്ക് ഇന്ന ആൾ എന്നത് ദൈവനിശ്ചയമാണ്.

അപ്പോൾ ചിലർ ചോദിച്ചേക്കും മദ്യപാനിയായ ഒരാളായിരിക്കണം എന്റെ ഭർത്താവ് എന്നത് ദൈവനിശ്ചയമാണോയെന്ന്.. അയാളുടെ മദ്യപാനം മൂലം ഞാനും മക്കളും കണ്ണീരുകുടിക്കണമെന്നത് ദൈവഹിതമാണോയെന്ന്..

ദൈവം ഒരിക്കലും ആരെയും തിന്മ കൊണ്ട് പരീക്ഷിക്കുന്നില്ല. ആർക്കും പ്രതിരോധിക്കാൻ കഴിയാത്തവിധത്തിലുള്ള



പ്രലോഭനങ്ങൾ നല്കാറുമില്ല. നിങ്ങളുടെ ഭർത്താവ് മദ്യപാനശീലമുള്ള വ്യക്തിയാണെങ്കിൽ സ്നേഹപൂർവ്വമായ തിരുത്തൽ, നയപരമായ ഇടപെടൽ, ത്യാഗപൂർണ്ണമായ പ്രവൃത്തികൾ, പ്രാർത്ഥന ഇങ്ങനെയുള്ള ഒരുപിടി കാരണങ്ങൾ കൊണ്ടും ആവശ്യമെങ്കിൽ ചികിത്സ കൊണ്ടും പരിഹരിക്കാവുന്നതേയുള്ളൂ. ഇതിന് പകരം മിക്കഭാര്യമാരും ചെയ്യുന്നത് ഭർത്താവിന്റെ മദ്യപാനത്തിനെതിരെ ശണ്ഠകൂടലും ശാപങ്ങളും അലമുറകളും ഒക്കെയാണ്. ഇത് പ്രശ്നപരിഹാരമെന്നതിലേറെ പ്രശ്നം രൂക്ഷമാക്കുകയേ ചെയ്യുകയുള്ളൂ. കോപിച്ചും ശപിച്ചും വഴക്കിട്ടും ഈ ലോകത്തിൽ ഒരാളെയും മാറ്റിയെടുക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. സൗമ്യമായ പെരുമാറ്റം കൊണ്ടും സ്നേഹപൂർവ്വമായ ഇടപെടൽ കൊണ്ടും അവിശ്വാസിയായ ഭർത്താവിനെ മാറ്റിയെടുക്കാൻ കഴിയുമെന്നാണ് പൗലോസ് അപ്പസ്തോലൻ നമ്മെ ഓർമ്മപ്പെടുത്തുന്നത്.

പക്ഷേ ഇന്നത്തെ കാലത്ത് ക്ഷമ, സഹിഷ്ണുത, വിട്ടുവീഴ്ച എന്നീ വാക്കുകളെ പഴഞ്ചനായിട്ടാണ് പലരും കരുതുന്നത്. ഞാനെന്തിന് സഹിക്കണം. ഞാനെന്തിന് ക്ഷമിക്കണം എന്നാണ് പലരുടെയും ചോദ്യം. ക്ഷമി

ക്കുന്നതും സഹിക്കുന്നതും സഹിഷ്ണുത കാട്ടുന്നതും തന്റെ വ്യക്തിത്വത്തിന്റെ പോരായ്മയാണെന്നാണ് പലരുടെയും വിചാരം.

വിദ്യാഭ്യാസം, ജോലി, സാമ്പത്തികസ്ഥിരത എന്നിവ അനുസരിച്ച് ക്ഷമിക്കാനും സഹിക്കാനും സഹിഷ്ണുത കാണിക്കാനുമുള്ള സന്നദ്ധത വ്യത്യാസപ്പെട്ടുവരുന്നത് ഇന്നത്തെ കാലത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. ഇന്നത്തെ ദമ്പതികളിൽ ഭൂരിപക്ഷവും സ്വന്തം കാലിൽ നില്ക്കാൻ ത്രാണിയുള്ളവരാണ്. ഒരു പരിധിയിൽ കൂടുതൽ ഇണയെ ആശ്രയിക്കേണ്ട എന്ന നിലപാടാണ് പലർക്കും ഉള്ളത്.

പണ്ടുകാലങ്ങളിൽ പുരുഷൻ എന്ന വ്യക്തിയെ ആശ്രയിച്ചുമാത്രമായിരുന്നു കുടുംബം മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നത്. പക്ഷേ ഇന്നത്തെ സ്ഥിതി അതല്ല. പുരുഷനൊപ്പമോ പുരുഷനെക്കാളുമോ വരുമാനമാർഗ്ഗമുള്ളവരാണ് ചില സ്ത്രീകളെങ്കിലും. അത്തരക്കാരുടെ ചോദ്യമാണ് ഞാനെന്തിന് അനുസരിക്കണം, ഞാനെന്തിന് വിധേയപ്പെടണം, ഞാനെന്തിന് വിട്ടുവീഴ്ച ചെയ്യണം തുടങ്ങിയവ. ഞാൻ എന്ന ഭാവവും അതിൽ നിന്നുണ്ടാകുന്ന സ്വാർത്ഥതയുമാണ് ഇവിടെ നിഴലിക്കുന്നത്. നാം ആദ്യം കണ്ട സംഭവത്തിലെ ഭാര്യയുടെ പ്രശ്നം അതായിരുന്നു. തന്നെക്കാൾ കൂടുതൽ ഭർത്താവ് അദ്ദേഹത്തിന്റെ മാതാപിതാക്കളെ സ്നേഹിക്കുന്നതായോ പരിഗണിക്കുന്നതായോ ഉള്ള തോന്നൽ- അത് സത്യമാണോയെന്ന് പോലും അറിയില്ല. അവൾക്ക് സഹിക്കാൻ കഴിയുന്നില്ല. ഭർത്താവിന്റെ മുഴുവൻ ശ്രദ്ധയും പരിഗണനയും സ്നേഹവും തനിക്ക് മാത്രം കിട്ടണമെന്ന് ആഗ്രഹിക്കുന്ന ഭാര്യയും രണ്ടാമത്തെ സംഭവത്തിലെതുപോലെ ഭാര്യയെ സ്നേഹിച്ചു ശ്വാസംമുട്ടിക്കുന്ന ഭർത്താവും ഒന്നുപോലെ സ്വാർത്ഥരാണ്.

ഓരോരുത്തർക്കും അവരവർ അർഹിക്കുന്ന ഇടങ്ങൾ നല്കുകയാണ് വേണ്ടത്. ഭാര്യ ഭർത്താവിന് ഭർത്താവിനോടുള്ള കടമയും ഉത്തരവാദിത്തവും ഭർത്താവ് ഭാര്യയോട് ഭാര്യക്കടുത്ത കടമയും ഉത്തരവാദിത്തവും നിർവഹിക്കണം. അതുപോലെ കുടുംബങ്ങളിലുള്ള മറ്റ് അംഗങ്ങൾക്കും അവരവർ അർഹിക്കുന്നതും അവകാശപ്പെട്ടതുമായ ഇടവും പരിഗണനയും നല്കുകയും വേണം. ഇതിൽ എവിടെയെങ്കിലും ആനുപാതികമായ അകലവും വ്യത്യാസവും ഉണ്ടാകുമ്പോൾ ബന്ധങ്ങളിൽ വിടവുകൾ സംഭവിക്കുന്നു.

വൃദ്ധരായ മാതാപിതാക്കളെ പരിചരിക്കുന്നതുവഴി ഭർത്താവ് തങ്ങളുടെ മക്കൾക്കും നല്ലൊരു മാതൃകയാണ് കാണിച്ചുകൊടുക്കുന്നതെന്നും നാളെ തങ്ങളുടെ മക്കൾ തങ്ങളോടും അങ്ങനെ പെരുമാറാനുള്ള പാഠമാണ് അതെന്നും ചിന്തിക്കാനുള്ള ബോധം പോലും ആ ഭാര്യക്ക് ഇല്ലാതെപോയി. ഭാര്യയോടുള്ള സ്നേഹത്താൽ ഇടംവലം തിരിയാത്തതും തിരിയാൻ സമ്മതിക്കാത്തതും ശരിയായ രീതിയല്ല. സ്വന്തം സ്വാർത്ഥതയുടെ വലയത്തിൽ നിന്ന് പുറത്തുകടക്കുമ്പോൾ മാത്രമേ കുടുംബബന്ധങ്ങൾ കൂടുതൽ സുന്ദരമായി തീരുകയുള്ളൂ.

കുടുംബബന്ധങ്ങളിൽ വിടവുകൾ തീർക്കുന്നതിൽ സോഷ്യൽ മീഡിയായ്ക്കുള്ള പങ്കും നിഷേധിക്കാനാവില്ല. വാട്സാപ്പ് സന്ദേശങ്ങളും ഫേസ്ബുക്ക് സൗഹൃദവും വഴി എത്രയോ കുടുംബബന്ധങ്ങളാണ് തകർന്നുകൊണ്ടിരിക്കുന്നത്. ഇന്നേവരെ ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത കാമുകന്മാ

“സ്നേഹം സഹനംകൊണ്ട് ജീവിക്കുന്നു;
സഹനം സ്നേഹത്തെ പരിപോഷിപ്പിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു”



രെ തേടി ഭർതൃമതികൾ പോലും വീടുവിട്ടി റങ്ങുന്നതും കബളിപ്പിക്കപ്പെട്ടു എന്ന് തിരി ച്ചറിയുമ്പോൾ തിരികെ മടങ്ങാൻ പോലും സാധിക്കാതെ വരുന്നതും പലപ്പോഴും പത്ര ങ്ങളിൽ നാം കാണുന്ന വാർത്തകളാണ്.

എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത് എന്ന് ചോദ്യത്തിന് പല കാരണങ്ങളുമുണ്ടാവാം. പക്ഷേ പ്രധാനമാ യും ഒന്നേയുള്ളൂ വിശദീകരണം. ബന്ധങ്ങൾ ക്കിടയിലെ സ്നേഹക്കുറവ്. വിട്ടുകൊടുക്കാ നും തോറ്റുകൊടുക്കാനുമുള്ള സന്നദ്ധത കു റവ്. പ്രാർത്ഥനയിലുള്ള തീക്ഷണത കുറവ്. ആത്മീയമായി കരുത്തു നേടിയ ദമ്പതികൾ ഏതു പ്രശ്നങ്ങളുടെ മുമ്പിലും ഒന്നിച്ചുനി ല്ക്കും. ഇണയോട് സ്നേഹവും ആത്മാർ ത്ഥതയുമുള്ള ഒരാളും ആസൂത്രിതമായ ഒരു ബന്ധത്തിൽ ബോധപൂർവ്വം ചെന്നുചാടുക യില്ല.. സ്നേഹമുള്ള ഇണയാണെങ്കിൽ ത ന്റെ പങ്കാളിയുടെ കുറവുകളോട് സ്നേഹ പൂർവ്വമായ ഇടപെടലുകൾ നടത്തിയിരിക്കും.

ഓരോ ദമ്പതികളെയും സമയത്തിന്റെ പൂർണ്ണതയിൽ വിവാഹത്തിലൂടെ ഒന്നിച്ചു ചേർക്കുമ്പോൾ ദൈവം അവരിൽ നിന്ന് ഒരുപാട് പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ ആ പ്രതീക്ഷകളെ പോറലേല്പിച്ചുകൊണ്ടാണ് ദമ്പതികൾ മുന്നോട്ടുപോകുന്നതെങ്കിൽ പിടയുന്നത് ദൈവത്തിന്റെ ഹൃദയമാണ്. തോറ്റുപോകുന്നത് ദൈവമാണ്.

ദൈവഹൃദയത്തിലെ പ്രതീക്ഷകൾ ക്കൊത്ത് ഉയരാനും പ്രവർത്തിക്കാനും ദമ്പതികൾക്ക് കടമയുണ്ട്. കാരണം ദാമ്പത്യജീവിതം വലിയൊരു രഹസ്യമാണ്. അതൊരു ദൈവവിളിയാണ്. സ്നേഹം കൊണ്ടു പൂരിപ്പിക്കുകയും പ്രാർത്ഥന കൊണ്ട് കൂട്ടിച്ചേർക്കുകയും ചെയ്യുമ്പോൾ ദാമ്പത്യജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും ഇല്ലാതാകും. അതുകൊണ്ട് തകർന്നു പോയതോ അകന്നുപോയതുമായ ബന്ധങ്ങളെ തിരിച്ചുപിടിക്കാനുള്ള ശ്രമം ദമ്പതികൾ ഇന്ന് തന്നെ ആരംഭിക്കുക.

*(ഇരിങ്ങാലക്കുട രൂപതാംഗമായ റവ. ഫാ. സെബി കൊളങ്ങര സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സഭയുടെ ഇന്റർനെറ്റ് മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആയി സേവനമനുഷ്ഠിക്കുന്നു)*

# അറിയിപ്പ്

മരിയദൂതിന്റെ സബ്സ്ക്രിപ്ഷൻ പുതുക്കാത്തവർ എത്രയും വേഗം അത് പുതുക്കി ഞങ്ങളുടെ പ്രവർത്തനങ്ങളിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിവർഷം - 100 രൂപ
പ്രതിവർഷം (ജർമനി) - 25 യൂറോ

- മാനേജിംഗ് എഡിറ്റർ
**ഫാ. വിൽസൻ പാറേക്കാട്ടിൽ**

**Whatsapp No: 0091 9495 573 085, Email:mariyadhood@gmail.com**





# മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും ആവശ്യകത

ഫാ. പീറ്റർ ലോഹർ Isch

നമുക്ക് തടുക്കുവാൻ സാധിക്കാത്ത വിധം നാം അതിജീവിക്കുന്ന സ്ഥലങ്ങളിൽ സാസ്കാരിക മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. കേന്ദ്ര മൂല്യങ്ങൾ, അടിസ്ഥാനബോധ്യങ്ങൾ, പാരമ്പര്യം, ആചാരങ്ങൾ, വിരുന്നുകൾ, ആഘോഷങ്ങൾ, ധാർമ്മികത, നിയമങ്ങൾ, ഇവ പൊതുവായി ചിന്തിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിലൂടെയാണ് നമ്മുടെ അവബോധം രൂപപ്പെടുന്നത്. നമ്മുടെ ചുറ്റുമുള്ള സമൂഹത്തിന് വ്യക്തമായ കാഴ്ച്ചപ്പാടും പൊതുവായ പെരുമാറ്റരീതിയും ഉണ്ടെങ്കിൽ - എല്ലാവരും ഞായറാഴ്ച്ച പള്ളിയിൽ പോകുന്നതുപോലെ - അവയെ പിൻചെല്ലുന്നതിന് മറ്റുള്ളവർക്ക് എളുപ്പമാണ്. ഒരു വലിയ ജനസമൂഹത്തോടൊത്താണ് നാം നീങ്ങുന്നത് എന്ന സുരക്ഷാബോധം നമുക്ക് ഇതിലും സംലഭ്യമാകുന്നു.

അതേ സമയം പരമ്പരാഗത രീതികൾ തേഞ്ഞുമാഞ്ഞുപോകുന്നുവെന്ന പൊതുവായ കാഴ്ച്ചപ്പാട് നമുക്കെല്ലാവർക്കും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. നാം ആസ്വദിക്കുന്ന മാധ്യമങ്ങൾ വ്യത്യസ്ത ജീവിതശൈലികളേയും ബോധ്യങ്ങളെയും ചിത്രീകരിക്കുന്നു. ഇത് മുൻകാലങ്ങളിലെ നമ്മുടെ ബോധ്യങ്ങളുടെ സമ്പൂർണ്ണ സാധുതയെ ചോദ്യം ചെയ്യുന്നതാണ്. കൂടാതെ, ആധുനിക സമ്പദ്‌വ്യവസ്ഥയുടെ നിരവധി സാധ്യതകൾ, നമ്മുടെ രാജ്യത്തിനകത്തും പുറത്തും നിലനിൽക്കുന്ന മുന്തിയ സൗക



ര്യങ്ങൾ മുൻകാല രീതികളെ പരിമിതപ്പെടുത്തുകയും പലപ്പോഴും ചെറുപ്പക്കാർക്കും മുതിർന്നവർക്കുമിടയിൽ പിരിമുറുക്കങ്ങളും ഭിന്നതകളും സൃഷ്ടിക്കുകയും ചെയ്യുന്നു. വൈകുന്നേരങ്ങളിൽ കേരളത്തിലെ കത്തോലിക്കാ കുടുംബങ്ങളിൽ ജപമാല ചൊല്ലുന്നത് പതിവാണല്ലോ! ടെലിവിഷന്റെ വരവ് ഈ പതിവിനെ ദോഷകരമായി ബാധിച്ചിരിക്കുന്നു എന്നത് ഒരു ഉദാഹരണം മാത്രം. ലോകമെമ്പാടുമുള്ള വ്യത്യസ്ത മതങ്ങളെയും ജീവിതരീതികളെയും മനസ്സിലാക്കുന്നതിലൂടെ നമ്മുടെ സ്വന്തം ബോധ്യങ്ങളും ജീവിതശൈലിയും ആപേക്ഷികമാവുകയും അവയ്ക്ക് നാം നൽകിയിരിക്കുന്ന ഔന്നത്യം നഷ്ടപ്പെടുകയും ചെയ്യുന്നു. നാം കൂടുതൽ കൂടുതലായി ബഹുസ്വരസമൂഹമായി മാറിക്കൊണ്ടിരിക്കുന്നു.

ഈ വസ്തുതകളും ഉദാഹരണങ്ങളും നാം മുന്നോട്ടുവെയ്ക്കുന്നത് ഒരു നല്ല പഴ

യകാലം കടന്ന് പോയെന്ന് സ്ഥാപിക്കുവാനല്ല. നാം ദൈവപരിപാലനയിൽ വിശ്വസിക്കുകയാണെങ്കിൽ, തുടർന്ന് വരുന്ന ചോദ്യം നമുക്ക് വളരെ ചിന്തനീയമാകണം. ഈ മാറ്റങ്ങളിലെല്ലാം ദൈവം എന്ത് സദുദ്ദേശമാണ് കാണുന്നത്? 100 വർഷങ്ങൾക്കുമുമ്പ് കെന്റണിക്ക് അച്ചൻ പുതിയ സമൂഹത്തിൽ പുതിയ മനുഷ്യനെ രൂപപ്പെടുത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പ്രഖ്യാപിച്ചു. “തന്റെ ബോധ്യങ്ങളിൽ ഉറച്ചു നിൽക്കുകയും തന്റെ ആന്തരീകതയുടെ പ്രചോദനത്തിൽനിന്ന് ഒരു സംസ്കാരം വളർത്തുകയും അത് താൻ ജീവിക്കുന്ന സമൂഹത്തിന്റെ സാഹചര്യങ്ങൾക്ക് എതിരാണെങ്കിലും അതിനെ അടിസ്ഥാന പ്രമാണങ്ങൾകൊണ്ട് വിശദീകരിക്കുകയും ചെയ്യുന്ന വ്യക്തിയെയാണ്'' കെന്റണിക്ക് അച്ചൻ പുതിയ മനുഷ്യൻ എന്ന വിവക്ഷയിലൂടെ അർത്ഥമാക്കുന്നത്.

മുകളിൽ വ്യക്തമാക്കപ്പെട്ട സാമൂഹ്യപശ്ചാത്തലം മികച്ച വിദ്യാഭ്യാസത്തിന്റെയും രൂപീകരണത്തിന്റെയും ആവശ്യകതയെ വിളിച്ചോതുന്നു. കെന്റണിക്ക് അച്ചന്റെ പ്രധാനപ്പെട്ട പരിശീലനതത്വം താഴെ പറയുന്നതാണ്.“സ്വതന്ത്രവും ഉറച്ചതുമായ വ്യക്തിത്വങ്ങളെ രൂപീകരിക്കുക”. ഈ ഉദ്യമത്തിൽ നാം എപ്രകാരമാണ് വിജയിക്കുന്നത്?

ഈ രൂപീകരണപ്രക്രിയയിൽ ആദ്യം ഭാഗഭാക്കാകേണ്ട വിഭാഗം മറ്റുള്ളവരെ പരിശീലിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം പേറുന്നവരാണ്; മാതാപിതാക്കൾ, അധ്യാപകർ, പുരോഹിതന്മാർ, പൊതുപ്രവർത്തകർ, സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുന്നവർ മാധ്യമപ്രവർത്തകർ. ഇവർ സമൂഹത്തിന് നല്ല മാതൃക നൽകണം. ഇതാണ് നല്ല മാതൃക എന്ന് കൃത്യമായി പറയുവാൻ പറ്റാത്ത ഒരു സാഹചര്യത്തിലാണ് നം നിലനിൽക്കുന്നത്. നല്ല കാര്യങ്ങൾ നല്ല രീതിയിൽ അവതരിപ്പിക്കുവാൻ പറ്റുന്നവരുണ്ട്. പക്ഷേ, അവർക്ക് ആധികാരികതയില്ല. ഇവരെ വെറും ‘അഭിനേതാക്കൾ’ എന്ന നിലയിൽ ആളുകൾ തള്ളും. അവർ പറയുന്നത് ജീവിതത്തിൽ പ്രാവർത്തികമാക്കണം. കുട്ടികളെ പള്ളിയിലേയ്ക്കോ വേദോപദേശ ക്ലാസ്സുകളിലേയ്ക്കോ പറഞ്ഞയക്കുന്ന മാതാപിതാക്കൾ ആദ്യം വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും മതപരമായ കാര്യങ്ങളിൽ താല്പര്യം കാണിക്കുകയും ദൈവീക കാര്യങ്ങൾ എങ്ങനെ ജീവിതത്തിൽ പ്രാവർത്തികമാക്കാമെന്ന് മക്കളൊരുമിച്ച് ചിന്തിക്കുകയും വേണം. പള്ളിയിൽ പ്രാർത്ഥനയ്ക്കായി പോകുന്ന മാതാപിതാക്കൾ ദൈവവുമായി ആന്തരീകബന്ധം സ്ഥാപിക്കുകയും അധരങ്ങൾകൊണ്ട് മാത്രമല്ല ഹൃദയംകൊണ്ടും പ്രാർത്ഥിക്കുന്നവരാകണം.

കൊച്ചുത്രേസ്യ പുണ്യവതി പള്ളിയിൽ തന്റെ പിതാവിന്റെ അടുത്ത് ഇരിക്കുമായിരുന്നു. അവൾ അദ്ദേഹം പ്രാർത്ഥിക്കുന്നത് ശ്രദ്ധിക്കാറുണ്ട്. അദ്ദേഹം പൂർണ്ണമായും ലയിച്ച് പ്രാർത്ഥിക്കുന്നത് അവളെ ഒത്തിരി ആകർഷിച്ചിരുന്നു. തന്റെ പിതാവിൽ ദൈവീക അനുഭവം നിഴലിക്കുന്നത് അവൾ കാണാറുണ്ട്.

തന്റെ പിതാവിന്റെ വ്യക്തമായ ഇച്ഛയ്ക്കു വിരുദ്ധമായി സുഹൃത്തുക്കളോടൊപ്പം സിനിമയ്ക്കുപോകാൻ പ്രലോഭിത

നായ ഒരു ചെറുപ്പക്കാരന് അത് ചെയ്യാൻ കഴിഞ്ഞില്ല. കാരണം അദ്ദേഹത്തിന്റെ പിതാവ് നേർമ്മയുള്ളവനും ഈ മകനെ സ്നേഹിച്ചിരുന്നവനുമായിരുന്നു. തന്മൂലം അദ്ദേഹത്തെ വേദനിപ്പിക്കാൻ അവൻ ആഗ്രഹിച്ചില്ല.

ഒരു കുടുംബം വലിയ പരസ്യമൊന്നും കൊടുക്കാതെ വിശേഷദിവസങ്ങളിൽ പാവപ്പെട്ട ആളുകളുമായി ഭക്ഷണം പങ്കിടുമായിരുന്നു. അവരുടെ കുട്ടികൾ വളർന്ന് വലുതായപ്പോൾ സർവ്വസാധാരണം എന്ന് പറയട്ടെ അവരും ഈ പതിവ് തുടർന്നു.

മുകളിൽ വിവരിച്ച ഉദാഹരണങ്ങൾ പരിശീലന പ്രക്രിയയുടെ അടിസ്ഥാന ഘടകങ്ങളാണ്. ജീവിതം പകർന്ന് നൽകൽ! എന്നിൽ എന്താണോ സജീവമായിട്ടുള്ളത്, ഞാൻ എന്ത് മൂല്യങ്ങളാണോ ഉയർത്തിപിടിക്കുന്നത്, അത് മറ്റുള്ളവരിലേയ്ക്കും എനിക്ക് പരിചയമുള്ളവരിലേയ്ക്കും സർവ്വസാധാരണമെന്നതുപോലെ കൈമാറപ്പെടുന്നു. ആശയക്കുഴപ്പം നിറഞ്ഞതും ബഹുസ്വരവുമായ സംസ്ക്കാരം നിലനിൽക്കുന്നിടത്ത് നന്മയുടെ (positive) സംസ്ക്കാരം എന്നത് ബന്ധങ്ങളുടെ അല്ലെങ്കിൽ ഉടമ്പടിയുടെ സംസ്കാരമാകണം. ഇത് നമുടെ സ്നേഹബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്ന സംസ്കാരമാണ്; നമ്മുടെ താൽപര്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതാണ്; പ്രോത്സാഹനമനോഭാവത്തോടെ വർത്തിക്കുന്നതാണ്. അനാവശ്യമായി നിർബന്ധിക്കുകയോ ധാർമ്മിക തിരുത്തലുകൾ അധികമില്ലാത്തതുമാണ്.


പരിശീലനവുമായി ബന്ധപ്പെട്ട് കെന്റണിക്ക് അച്ചൻ എടുത്തു കാണിക്കുന്ന അഞ്ച് നക്ഷത്രങ്ങളിലൊന്ന് സ്നേഹത്തോടെയുള്ള പരിശീലനവും അതിലുള്ള വളർച്ചയുമാണ്. ഞാൻ ഏതെങ്കിലും ഒരു കാര്യത്താൽ പ്രചോദിപ്പിക്കപ്പെട്ടാൽ അല്ലെങ്കിൽ ഒരു വ്യക്തിയെ ആത്മാർത്ഥമായി അനുധാവനം ചെയ്താൽ ഞാൻ ആരെയും പ്രത്യേകിച്ച് നിർബന്ധിക്കാതെ തന്നെ എനിക്കും ചിലരെ പ്രചോദിപ്പിക്കുവാനോ, നയിക്കുവാനോ സാധിക്കും. ഇപ്രകാരം ജീവിതം പകർന്ന് നൽകൽ സംഭവിക്കണമെങ്കിൽ നല്ല പരിശീലനക്രമത്തിന്റെ സഹായവും ബോധ്യത്തോടെയുള്ള ഉപദേശങ്ങളും ആവശ്യമാണ്. നിങ്ങൾ ചില വാദഗതികൾ കേട്ടിട്ടില്ലേ! ഇത് എല്ലായിപ്പോഴും അങ്ങനെ ആയിരുന്നു, അതുകൊണ്ട് ഞാനും ചെയ്യുന്നു. ഞാൻ നിന്റെ പിതാവാണ് അതുകൊണ്ട് ഞാൻ പറയുന്നത് നീ ചെയ്യണം. നീ ഇങ്ങനെ ചെയ്താൽ അയൽപക്കത്തുള്ളവർ എന്തു ചിന്തിക്കും! അല്ലെങ്കിൽ നമ്മുടെ മതപഠന പുസ്തകത്തിൽ ഇത് ചെയ്യണമെന്ന് പ്രസ്താവിച്ചിട്ടുള്ളതിനാൽ നീ ഇത് ചെയ്തേ പറ്റൂ. ഇപ്രകാരമുള്ള വാദഗതികൾക്ക് മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാനുള്ള ശക്തി തുലോം കുറവാണ്. ഇത്തരം അഭ്യർത്ഥനകളുടെ അടിസ്ഥാനത്തിലോ, മതത്തിന്റേയോ ആചാരത്തിന്റെയോ പേരിലോ ഞാൻ കാര്യങ്ങൾ ചെയ്യുവാൻ തുടങ്ങിയാൽ കുടുംബത്തിൽ നിന്നും കുറച്ച് അധികം കാലം ഞാൻ മാറി ജീവിച്ചാൽ എനിക്ക് ഈ ആചാരരീതികളെ നഷ്ടപ്പെടാം. എന്നാൽ എന്റെ അടിയുറച്ച ബോധ്യത്തിൽ നിറഞ്ഞ് നിൽക്കുന്നതും ജീവിതത്തിലേയ്ക്ക് ഇഴുകിച്ചേർന്നതും എന്റെ ജീവിത





രീതിയുമായി മാറിയ ആചാരങ്ങൾ മാത്രമെ എന്നിൽ ദീർഘകാലം നിലനിൽക്കുകയുള്ളൂ.

ഞാൻ എന്നെത്തന്നെ ജയിച്ചുവെന്ന ഭാവത്തിൽ താഴെവരുന്ന വിമർശനാത്മക മായ ചോദ്യങ്ങൾ ചോദിക്കുന്നവരുണ്ട്. ക്രിസ്തു യഥാർത്ഥത്തിൽ ദൈവമായിരുന്നുവോ? പരിശുദ്ധ കന്യകാമറിയം സത്യത്തിൽ കന്യകയായിരുന്നുവോ? ബൈബിളിൽ വിവരിച്ചിരിക്കുന്നതെല്ലാം സത്യമാണോ? ഞങ്ങളുടെ അപ്പൂപ്പൻ മദ്യപാനിയായിരുന്നോ? ആ മെത്രാൻ ശരിക്കും ചതിച്ചോ? പള്ളിയിൽ പോകുന്ന പതിവ് വേണ്ടെന്ന് വെയ്ക്കുന്ന ചെറുപ്പക്കാരുണ്ടാകാം. ശരീരത്തിൽ ഏറ്റവും ആവശ്യമായവ മാത്രം മറയ്ക്കുന്ന വസ്ത്രരീതി അവലംബിക്കുന്നവരുണ്ടാകാം. അനുചിത കാര്യങ്ങൾ - പ്രത്യേകിച്ച് അത് വിലക്കിയിട്ടുള്ള പ്രദേശങ്ങളിൽ - ചിലർ പുസ്തകങ്ങളിലും ഇന്റർനെറ്റിലും അവയെ തേടുന്ന സ്വഭാവക്കാരുമുണ്ടാകാം. ലൈംഗീകതയെക്കുറിച്ചുള്ള സ്വാഭാവിക ജിജ്ഞാസ ഒരു ഭാഗത്ത്, ഈ വിഷയത്തെ ആകർഷണീയമായി ചിത്രീകരിക്കുന്ന സാമ്പത്തിക ലാഭത്തിൽ ഊന്നിയ




ഇന്റർനെറ്റ് ശൃംഖല മറുഭാഗത്ത് - ഇങ്ങനെയുള്ള സാഹചര്യത്തിൽ ലൈംഗീകതയെക്കുറിച്ച് തുറന്നതും ദൃഢവുമായ അറിവും അതിന്റെ മൂല്യവും പകർന്ന് നൽകുന്ന പരിശീലകർ ഉണ്ടാകണം. ഈ മേഖലയിലെ ചില രീതികൾ എന്തുകൊണ്ട് അവലംബിക്കുവാൻ പാടില്ല എന്നതിന്റെ കാരണവും പുറംലോകം ലൈംഗീകതയെ എങ്ങിനെ കച്ചവടമനോഭാവത്തോടെ ചിത്രീകരിക്കുന്നുവെന്നും പരിശീലകർ പറഞ്ഞു മനസ്സിലാക്കിപ്പിക്കേണ്ടതുണ്ട്. ഈ വിഷയം ഏവരേയും വളരെ ആകർഷിക്കുന്നതാണ് എന്നതിൽ സംശയമില്ല. പക്ഷേ, ഇതിനെ നിഷേധിക്കുന്ന രീതി ഭൂഷണമാകില്ല. പരിശീലകർ പറഞ്ഞുകൊടുക്കുന്നത് അവരുടെ തന്നെ ജീവിതത്തിൽ പ്രാവർത്തികമാക്കണം. അതുപോലെ ഈ ഉപദേശങ്ങൾ സ്വീകരിക്കുവാനോ, നിരസിക്കുവാനോ ഉള്ള സ്വാതന്ത്ര്യം കേൾവിക്കാർക്ക് ഉണ്ടാകണം. കൂടാതെ, ഇത് ചോദ്യം ചെയ്യുന്നവന്റെ ഹൃദയതാളം ഗ്രഹിക്കുവാൻ പരീശീലകന് കഴിയണം. നല്ല പരിശീലനക്രമത്തിൽ സ്വാതന്ത്ര്യവും വിശ്വാസവും അവിഭാജ്യ ഘടകങ്ങളാണ്. ഇവ രണ്ടും കെന്റണിക്ക് അച്ചന്റെ പരിശീലനക്രമത്തിന്റെ മറ്റ് രണ്ട് നക്ഷത്രങ്ങളാണ്.

വളർച്ച, പഠനം, സംസ്കാരം സ്വായത്തമാക്കൽ തുടങ്ങിയ എല്ലാ പ്രക്രിയകളിലും അന്തർലീനമായ ചോദ്യം ഒന്ന് മാത്രമാണ്: ഇത് എന്തിന് വേണ്ടി? ഇവയ്ക്ക് ഉപോൽബലമായി നിൽക്കുന്ന പൊതുവായ ഉത്തരങ്ങൾ താഴെ വരുന്നതാണ്. സമൂഹത്തെയും രാജ്യത്തെയും സേവിക്കുക, എന്തെങ്കിലും നന്മ ചെയ്യുക, മറ്റുള്ളവർക്ക് ഇഷ്ടപ്പെട്ട

വ്യക്തിയായി മാറുക. എന്നിരുന്നാലും, നമ്മുടെ ബഹുസ്വരസമൂഹം വളരേയേറെ സാധ്യതകൾ മുന്നോട്ട് വയ്ക്കുമ്പോൾ, ഇത് പ്രത്യേകിച്ച് ചെറുപ്പക്കാരെ താങ്കളുടെ ജീവിതം എപ്രകാരമാണ് കരുപ്പിടിപ്പിക്കേണ്ടത് എന്ന സുപ്രധാനമായ ചോദ്യവുമായി വിഷമവൃത്തത്തിലാക്കുന്നു. ഞാൻ ആരാണ്? എന്റെ തനതായ കഴിവുകൾ എന്തെല്ലാമാണ്? എന്റെ ജീവിതത്തിന്റെ യഥാർത്ഥലക്ഷ്യം എന്താണെന്ന് കണ്ടുപിടിക്കുവാൻ സഹായിക്കുന്ന എന്റെ ആത്മാവിന്റെ പ്രവണതകൾ എന്തെല്ലാമാണ്? ഏത് ജീവിതാവസ്ഥയാണ് ഞാൻ തിരഞ്ഞെടുക്കേണ്ടത്? ഏത് തൊഴിൽ ആണ് എനിക്ക് മുഴുതൃപ്തി നൽകുന്നത്? എന്നെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന്റെ ആഗ്രഹം എന്തായിരുന്നു? ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടത് പൊതുവായതും മികച്ചതുമായ ആശയങ്ങൾകൊണ്ടല്ല, മറിച്ച് ദൈവം എനിക്ക് നൽകിയിരിക്കുന്ന വ്യക്തിപരമായ ആദർശം ഏതെന്ന് തിരിച്ചറിയുന്നതിലൂടെയാണ്. അതായത് ദൈവം എന്റെ ഹൃദയത്തിൽ എഴുതിച്ചേർത്തിരിക്കുന്ന പാവനനാമം ഏതെന്ന് അറിയുന്നതിലൂടെയാണ്.

ഈ വ്യക്തിപരമായ ആദർശം എന്റെ മുമ്പിലുള്ള വ്യത്യസ്ത സാധ്യതകളിൽ ഒന്നിനെ തിരഞ്ഞെടുക്കുവാനുള്ള മാർഗ്ഗനിർദ്ദേശവും മാനദണ്ഡങ്ങളും എനിക്ക് നൽകുകയും അവയിൽ എനിക്ക് യോജിച്ചത് ഏതാണെന്ന് തീരുമാനിക്കുവാൻ എന്നെ സഹായിക്കുകയും ചെയ്യുന്നു. തന്മൂലം, ഇത് എനിക്ക് കൂടുതൽ സംതൃപ്തി നൽകുന്നു. ഒപ്പം ആന്തരീക സ്വാതന്ത്ര്യത്തിൽ എന്നെത്തന്നെ തിരിച്ചറിയുവാനും എനിക്ക് സാധിക്കുന്നു. ഇതാണ് ഷേൺസ്റ്റാട്ട് പരിശീലനക്രമത്തിലെ അഞ്ചാമത്തെ നക്ഷത്രം.

അവസാനമായി ഒരു കാര്യം നിസംശയമായി പറയുവാൻ ആഗ്രഹിക്കുന്നു. വിദ്യാഭ്യാസവും രൂപീകരണവും സ്വയം പരിശീലനവും നമുക്ക് ഉത്തരവാദിത്വമുള്ളവരുടെ രൂപീകരണവും ഈ കാലഘട്ടത്തിലെ നമ്മുടെ ഉത്തരവാദിത്വവും വെല്ലുവിളിയുമാണ്. ഇത് നിറവേറ്റുവാൻ നിരന്തരപരിശ്രമവും ക്ഷമയും ആവശ്യമാണെങ്കിലും ഇത് ഫലദായകവും ആകർഷമീയവുമാണ്.

**തർജ്ജമ : ഫാദർ ഷാജൻ**
**മാണിക്യത്താൻ Isch**

# കരുതൽ 2020 പദ്ധതി

കൊവിഡ് 19 പ്രതിരോധപ്രവർത്തത്തിന്റെ ഭാഗമായി ഷേൺസ്റ്റാട്ട് സാമൂഹിക സേവന വിഭാഗത്തിന്റെയും മൂവ്മെന്റ് പ്രസ്ഥാനത്തിന്റെയും സഹകരണത്തോടെ ജോലിയും വരുമാനവും ഇല്ലാതെ പ്രതിസന്ധിയിലായിരിക്കുന്ന 50-ഓളം കുടുംബങ്ങൾക്കുള്ള സഹായ പദ്ധതിക്കു തുടക്കമായി. കുടുംബത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥക്കനുസരിച്ച് 500,1000 രൂപ വെച്ചാണ് ഓരോ മാസവും കുടുംബങ്ങൾക്ക് നൽകുന്നത്. ഒരു വർഷത്തേക്കുള്ള സഹായ പദ്ധതിയിൽ വരടിയത്തിന്റെയും, കുറ്റൂരിന്റെയും സമീപപ്രദേശങ്ങളിൽ നിന്നുമുള്ള കുടുംബങ്ങളാണ് പദ്ധതിയുടെ ഭാഗമായിരിക്കുന്നത്.





# സ്വർഗ്ഗവും ഭൂമിയുമായുള്ള ബന്ധത്തിന്റെ കണ്ണി



ബ്രദർ റെൻസൺ പാണേങ്ങാടൻ

ബന്ധങ്ങൾ കണ്ണികൾ പോലെയാണ് അത് നമ്മെ പരസ്പരം കൂട്ടിയിണക്കുന്നു. അമ്മ എന്ന ഒറ്റവാക്കിൽ ഒതുക്കി നിർത്തുവാൻ കഴിയാത്തതാണ് ഞാനും എന്റെ അമ്മയുമാ യുള്ള ബന്ധം. ഓരോ അമ്മയ്ക്കും തങ്ങളുടെ മക്കളോടുള്ള സ്നേഹവും, വാത്സല്യവും ഒരു അളവ് പാത്രം കൊണ്ടും നമുക്ക് അളന്നു നോക്കുവാൻ സാധ്യമല്ല. ഞാനും എന്റെ അമ്മയും തമ്മിലുള്ള ആഴമേറിയ ബന്ധ ത്തിന്റെ മായാത്ത മുദ്ര ദൈവം എന്നിൽ പതിപ്പിച്ചതാണ് പൊക്കിൾ കൊടി. ഇതു പോലെ ഞാനും പരിശുദ്ധ അമ്മയുമാ യുള്ള




ആഴമേറിയ ബന്ധത്തിന്റെ മായാത്ത മുദ്രയുടെ അടയാളമാണ് സ്നേഹ ഉടമ്പടി.

വിശുദ്ധ ഗ്രന്ഥത്തിൽ നോക്കുകയാണെങ്കിൽ നമുക്ക് കാണുവാൻ സാധിക്കും ദൈവവും മനുഷ്യനുമായുള്ള ബന്ധം ഉടമ്പടികൾ വഴിയാണ്. ദൈവം മനുഷ്യനുമായുള്ള ആദ്യ ഉടമ്പടി നവീകരിച്ചത് നോഹയുമായാണ്. എന്നേക്കുമുള്ള ഒരു ഉടമ്പടി വാഗ്ദാനമാണ് ദൈവം നോഹയ്ക്ക് നൽകുക. ദൈവവും മനുഷ്യനുമായുള്ള സൗഹൃദ ബന്ധം തുടർന്നു കൊണ്ടിരുന്നു. അബ്രാഹവുമായുള്ള ഉടമ്പടി നവീകരണത്തിൽ ദൈവം വാഗ്ദാനം ചെയ്യുക, അബ്രാഹമിനെ സകല ജനതകളുടേയും പിതാവാക്കിയാണ്. ദൈവം മോശയുമായി നവീകരിച്ച സ്നേഹ ഉടമ്പടിയിൽ ദൈവം മോശയ്ക്ക് വാഗ്ദാനം ചെയ്യുക തേനും, പാലും ഒഴുകുന്ന ഒരു കാനാൻ ദേശമാണ്. ഓരോ ഉടമ്പടി നവീകരണവും ദൈവവും മനുഷ്യനുമായുള്ള ശക്തിയുള്ള ബന്ധത്തിന്റെ കണ്ണികളെ കൂട്ടി ഇണക്കുന്നതാണ്. ഇതു പോലെ പരിശുദ്ധ അമ്മയുമായി ആഴമേറിയ ബന്ധത്തിൽ വളരുവാൻ നമ്മെ സഹായിക്കുന്ന ഒരു കൊച്ചു പ്രാർത്ഥനയാണ് സ്നേഹ ഉടമ്പടി പ്രാർത്ഥന.


പതിനേഴാം നൂറ്റാണ്ടിൽ നിക്കോളാസ് എന്ന വൈദികൻ ഷേൺസ്റ്റാട്ട് സമൂഹത്തിന് സമ്മാനിച്ചതാണ് ഈ മനോഹരമായ

സ്നേഹ ഉടമ്പടി പ്രാർത്ഥന. ഈ പ്രാർത്ഥന ചൊല്ലി അനുദിനം പരിശുദ്ധ അമ്മയ്ക്ക് നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ പരിശുദ്ധ അമ്മ നമുക്ക് നൽകുന്ന വാഗ്ദാനം. "ഞാൻ നിങ്ങളുടെ ഇടയിൽ വസിക്കുകയും, നിങ്ങൾക്ക് ആവശ്യമായ അനുഗ്രഹങ്ങൾ നൽകുകയും, ഞാൻ നിങ്ങളെ എന്റെ ഉള്ളംകൈയിൽ സംരക്ഷിക്കുകയും ചെയ്യും'' എന്നതാണ്.

പരിശുദ്ധ അമ്മയുമായുള്ള സ്നേഹ ഉടമ്പടി പ്രാർത്ഥനയുടെ ആരംഭം. "എന്റെ അമ്മയും, രാജ്ഞിയുമായ പരിശുദ്ധ മറിയമേ...' എന്നാണ്. പരിശുദ്ധ അമ്മയെ എന്റെ വ്യക്തി ജീവിതത്തിലേക്ക് അമ്മയും രാജ്ഞിയുമായി ഞാൻ സ്വീകരിക്കുകയാണ്. കാൽവരിക്കുന്നിൽ നമ്മുടെ രക്ഷയ്ക്കു വേണ്ടി രക്തം ചിന്തിയ ഈശോ അവിടുത്തെ അമ്മയെ നമുക്ക് നൽകുന്ന അനുഗ്രഹത്തിന്റെ നിമിഷം ഉടമ്പടി പ്രാർത്ഥന നവീകരിക്കുമ്പോൾ പുനരാവിഷ്കരിക്കപ്പെടുകയാണ്. ഈശോയിലേക്ക് ഉള്ള ഒരു കുറുക്കു വഴിയായി പരിശുദ്ധ അമ്മ ഇന്നും നിലകൊള്ളുന്നു.

ഓരോ പ്രാവശ്യവും എന്നെ മുഴുവനായും പരിശുദ്ധ അമ്മയ്ക്ക് സ്നേഹ ഉടമ്പടി പ്രാർത്ഥനയിൽകൂടി നൽകുമ്പോൾ പരിശുദ്ധ അമ്മ, അമ്മയെ മുഴുവനായും എനിക്ക് തിരിച്ചും നൽകുന്നു. ഈ പ്രാർത്ഥനയിൽ കൂടി പരിശുദ്ധ അമ്മ എന്റെ ജീവിതത്തിലെ സഹയാത്രികയാകുന്നു. പഴയ നിയമത്തിൽ ഒരമ്മയ്ക്ക് തന്റെ മകനോടുള്ള സ്നേഹം കാണിക്കുന്ന ഭാഗമുണ്ട്. തോബിയാസിനെ ദൈവത്തിന്റെ ദൂതൻ അവന്റെ മാതാപിതാക്കളിൽ നിന്നും കൊണ്ടുപോകുമ്പോൾ, എന്നാണ് അവൻ തിരിച്ചു വരുന്നത് എന്ന് പറയുന്നുണ്ട്. എന്നാൽ ആ സമയവും, ദിവസവും കടന്നു പോകുമ്പോൾ അവന്റെ അമ്മ ഹന്ന മകൻ പോയ വഴികളിലേക്ക് മിഴിവെട്ടാതെ തന്റെ മകനെ കാത്തിരിക്കുന്ന ഒരു അമ്മയുടെ മനോഹരമായ ചിത്രം വരച്ചു കാണിക്കുന്നു. പരിശുദ്ധ അമ്മയുമായുള്ള ഈ സമ്പൂർണ്ണ സമർപ്പണത്തിലൂടെ പരിശുദ്ധ അമ്മ നമ്മുടെ ജീവിതപാതയിൽ ഒരു വഴി വിളക്കായി ഒരു സഹയാത്രികയായി എന്നും ഉണ്ടാകും.

എന്റെ ജീവന്റെ തുടിപ്പിന്റെ താളമായ ഹൃദയം പരിശുദ്ധ അമ്മയ്ക്ക് സമർപ്പിക്കുമ്പോൾ ആ അമ്മയുടെ ഹൃദയത്തിന്റെ കോണിൽ നമുക്ക് അമ്മ അഭയം നൽകും. ക്രിസ്തു ശിഷ്യർക്ക് കേദാരമായ പരിശുദ്ധ അമ്മ, നമ്മുടെ ജീവിതത്തിലെ പ്രതിസന്ധികളുടെ നടുവിലും നമുക്ക് അമ്മയുടെ ഹൃദയകോവിലിൽ അഭയം നൽകും. പരിശുദ്ധ അമ്മയുമായുള്ള സ്നേഹ ഉടമ്പടി നവീകരിക്കുന്ന ഏതൊരു വ്യക്തിയെയും പരിശുദ്ധ അമ്മ, അമ്മയുടെ മകനെ പോലെ അനുദിനം കാക്കുകയും, വഴി നടത്തുകയും പരിശുദ്ധ അമ്മയിലൂടെ ദൈവവുമായുള്ള ഒരു ബന്ധത്തിന്റെ കണ്ണി കൂട്ടി ഇണക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഇപ്രകാരം സ്നേഹ ഉടമ്പടി പ്രാർത്ഥന സ്വർഗ്ഗവും ഭൂമിയുമായുള്ള ബന്ധം കൂട്ടിയിണക്കുന്ന കണ്ണി ആയിത്തീരുകയും ചെയ്യുന്നു.



# അമ്മയുടെ മെഡിക്കൽ കോളേജ് - ജൂബിലി മിഷൻ

ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്

1991 മൈനർ സെമിനാരിയിൽ റീജന്റ് ആയി എത്തിയപ്പോഴാണ് ജൂബിലി മിഷൻ ആശുപത്രിയുമായുള്ള ബന്ധം ആരംഭിച്ചത്. അതിനു മുമ്പ് ഒരിക്കൽ പോലും ഈ ആശുപത്രിയിലേക്ക് വരേണ്ട ആവശ്യമുണ്ടായിരുന്നില്ല. വൈകാതെ തീയോളജി പഠനത്തിനായി മംഗലപ്പുഴ സെമിനാരിയിലേക്ക് പോയതോടെ ആ ബന്ധത്തിന് വിരാമമായി. വൈദിക അഭിഷേകത്തിനു ശേഷം 1996ൽ പാവർട്ടി തീർത്ഥാടന കേന്ദ്രത്തിൽ കൊച്ചച്ചൻ ആയി പ്രവേശിച്ചതിനു ശേഷം, 1997ൽ ഇരവിമംഗലം വികാരിയും മിഷൻ ആശുപത്രിയുടെ അസിസ്റ്റന്റ് ഡയറക്ടറുമായി നിയമനം ലഭിച്ചു. അനുഭവ സമ്പന്നനായ ജോസഫ് കാക്കശ്ശേരി അച്ചൻ അടുത്തവർഷം പാവറട്ടി പള്ളിയി ലേക്ക് വികാരിയായി നിയോഗിക്കപ്പെട്ടപ്പോൾ ആശുപത്രിയുടെ ഡയറക്ടർ ചുമതല അതിരൂപത എന്നെ ഏൽപ്പിച്ചു. കാര്യങ്ങൾ പരിചയപ്പെടുന്നതിനു മുൻപ് ആകസ്മികമായി ചുമതല ഏൽക്കേണ്ടി വന്നപ്പോൾ പരിഭ്രമം ഉണ്ടായിരുന്നു.

ആർച്ച് ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക രജതജൂബിലിയുടെ സ്മാരകമായി ഇതുവരെ ജനറൽ ആശുപത്രിയായി പ്രവർത്തിച്ചിരുന്ന ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആക്കി ഉയർത്തി. ചുരുങ്ങിയ കാലയളവിനുള്ളിൽ കാർഡിയോളജി, ന്യൂറോളജി, ന്യൂറോ സർജറി, നെഫ്രോളജി, യൂറോളജി, ഡയാലിസിസ് തുടങ്ങിയ വിഭാഗങ്ങൾ ആരംഭിച്ചതോടെ ആശുപത്രിയിലെ രോഗികളുടെ എണ്ണം നാനൂറിൽ നിന്ന് തൊള്ളായിരത്തിലേക്ക് എത്തി. പ്രതീക്ഷിച്ചതിലും വേഗമായിരുന്നു ഈ വളർച്ച. ഡോക്ടർമാരുടെയും രോഗികളു ടെയും എല്ലാം എണ്ണം വർദ്ധിച്ചതോടെ എന്റെ ഉൽക്കണ്ഠ വർദ്ധിച്ചുകൊണ്ടിരുന്നു ഈ കാര്യം എല്ലാം രക്ഷാധികാരിയായ തൂങ്കുഴി പിതാവിനോട് അറിയിക്കുന്നുണ്ടായിരുന്നു.

മാതാവിനോട് ചെറുപ്പം മുതലേ എനിക്ക് പ്രത്യേക ഭക്തിയും സ്നേഹവും ഉണ്ടായിരുന്നു. ''എന്റെ അമ്മേ എന്റെ ആശ്രയമേ" എന്ന സുകൃതജപം അമ്മൂമ്മ ബാല്യത്തിൽ തന്നെ പറഞ്ഞു പഠിപ്പിച്ചിരുന്നു. ആ ഓർമ്മയിൽ ഞാൻ അമ്മയുടെ സഹായം തേടുവാനുറപ്പിച്ചു.ആശുപത്രിയുടെ പിൻഭാഗത്തെ അങ്കണത്തിൽ ലേബർ റൂമിന് അടുത്ത ലൂർദ് മാതാവിന്റെ തിരുസ്വരൂപം സ്ഥാപിച്ചു. അഭിവന്ദ്യ പിതാവ് ആശീർവാദ കർമ്മം നടത്തി. ജോലിത്തിരക്കു മൂലം മൂന്നരയോടെ എഴുന്നേൽക്കുന്ന പതിവ് അക്കാലത്ത് ആരംഭിച്ചതാണ്. എഴുന്നേറ്റു കഴിഞ്ഞാൽ ആദ്യ പരിപാടി അമ്മയുടെ തിരുസ്വരൂപത്തിന്റെ മുമ്പിലെത്തി മൂന്നു

പ്രാവശ്യം 'എത്രയും ദയയുള്ള മാതാവ' എന്ന പ്രാർത്ഥന ചൊല്ലുക എന്നതാണ്. ലേബർ റൂമിന് മുമ്പിൽ പ്രസവവാർത്ത കേൾക്കാൻ കാത്തിരിക്കുന്ന ഭർത്താക്കന്മാരും ബന്ധുക്കളും അപ്പോഴേക്കും മാതാവിന്റെ മുമ്പിൽ മുട്ടുകുത്തി തിരി കത്തിച്ച് പ്രാർത്ഥിക്കാൻ എത്തിയിരിക്കും. ബാംഗ്ലൂരിലെ എന്റെ സുഹൃത്ത് ജോർജ് ചെമ്മണ്ണൂരിന്റെ സഹായത്തോടെ മനോഹരമായ വിലയേറിയ കറുത്ത മാർബിൾ ശിലയിൽ എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥന കൊത്തിവെച്ചു."അങ്ങേ സഹായം അപേക്ഷിച്ച ഒരുവനെയും അങ്ങ് ഉപേക്ഷിച്ചിട്ടില്ല "എന്ന ഭാഗം സർവ്വ മത വിഭാഗങ്ങളിൽ ഉള്ളവരുടെയും അപേക്ഷ അമ്മ വഴി ഈശോയ്ക്ക് സമർപ്പിക്കാൻ കാരണമായി. തിരുസ്വരൂപത്തിന് മുൻപിൽ രാപ്പകൽ ഭേദമില്ലാതെ മെഴുകുതിരി നാളങ്ങൾ പ്രാർത്ഥനയായി ഉയർന്നു. തിരുസ്വരൂപത്തിന് മുമ്പിലായി അമ്മൂമ്മ പഠിപ്പിച്ച പ്രാർത്ഥനയും എഴുതിച്ചേർത്തു' എന്റെ അമ്മേ, എന്റെ ആശ്രയമേ'

2001-2002 കാലഘട്ടത്തിൽ സ്വകാര്യ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ മുഖ്യമന്ത്രി എ. കെ. ആന്റണി അനുമതി നൽകിയപ്പോൾ നമ്മുടെ മിഷൻ ആശുപത്രി എന്നപേരിൽ സ്നേഹപൂർവ്വം മധ്യകേരളത്തിലെ ജനങ്ങൾ നെഞ്ചോട് ചേർത്ത്വെച്ച സ്ഥാപനത്തെ മെഡിക്കൽ കോളേജ് ആക്കി ഉയർത്തണമെന്ന് പൊതുജന സ്വരം ഉയർന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ബിരുദമെടുത്ത ഞാൻ ഒരു മെഡിക്കൽ കോളേജ് നടത്തിക്കൊണ്ടു പോകുന്നതിന്റെ വിഷമം നേരിട്ട് കണ്ടറിഞ്ഞതാണല്ലോ. അപ്പോൾ പുതിയ ഒരു മെഡിക്കൽ കോളേജ് ആരംഭിച്ച് പ്രവർത്തനത്തിൽ ആക്കുക എന്നത് എന്റെ കഴിവിന്റെ അപ്പുറം ആണെന്ന് നല്ല ബോധ്യമുള്ളതുകൊണ്ട് ഞാൻ ഒട്ടും താല്പര്യം കാണിച്ചില്ല. ഏതാണ്ട് അസാധ്യമാണെന്ന് ഉറപ്പിച്ച് ഇരിക്കുമ്പോഴാണ് തൂങ്കുഴി പിതാവ് പ്രാർത്ഥനയും പ്രോത്സാഹന വുമായി രംഗത്ത് ഇറങ്ങുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്പോഴും ചെവിയിൽ മുഴങ്ങുന്നു 'now or never ' അപ്പോഴും എന്റെ ആശ്രയം ഈശോയുടെ അമ്മയിൽ തന്നെയായിരുന്നു. പിന്നെ കാര്യങ്ങളെല്ലാം അമ്മ ഏറ്റെടുക്കുകയായിരുന്നു. 2003 മാർച്ച് 19 അഭിവന്ദ്യ തൂങ്കുഴി പിതാവ് മെഡിക്കൽ കോളേജിന്റെ ശില ആശീർവദിച്ചു. തീക്ഷ്ണമായ പ്രാർത്ഥനയും കഠിനപ്രയത്നവും കൈകോർത്ത ദിവസങ്ങൾ..

2003 ആഗസ്റ്റ് 24 ന് കർദിനാൾ വർക്കി വിതയത്തിൽ ആശീർവദിച്ച ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മുഖ്യമന്ത്രി എ. കെ ആന്റണി ഉദ്ഘാടനം ചെയ്തു. അമ്മയുടെ മാധ്യസ്ഥ ഭക്തിയുടെയും സംരക്ഷണത്തിന്റെയും ശക്തമായ തെളിവാണ് ഈ മെഡിക്കൽ കോളേജ് – അമ്മയുടെ മെഡിക്കൽ കോളേജ്! 1952ൽ മിഷൻ ആശുപത്രി ആരംഭിച്ചത് അന്നത്തെ തൃശ്ശൂർ ബിഷപ്പായിരുന്ന ജോർജ് ആലപ്പാട്ട് പൗരോഹിത്യ രജത ജൂബിലിയുടെ ഓർമ്മയ്ക്ക് ആയിരുന്നതുകൊണ്ട് ജൂബിലി മിഷൻ എന്ന പേരിൽ അറിയപ്പെട്ടു. ദൈവ നിയോഗത്തിൽ ആശുപത്രി മെഡിക്കൽ കോളേജ് ആയപ്പോഴും ആ ഓർമ്മയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് എന്ന പേരിലാണ് അതിരൂപത നൽകിയത്.

പ്രാർത്ഥന: പരിശുദ്ധ അമ്മെ അമ്മയുടെ അനുഗ്രഹത്താൽ ആരംഭിച്ച ജൂബിലി മിഷൻ എന്ന ആതുരാലയത്തെ എന്നും കാത്തു പരിപാലിച്ച് നിലനിർത്തണമേ.



# ഒക്ടോബർ ഒരു ഓർമ്മച്ചെപ്പ്

സി. മേരി FSSH

ഓർമ്മച്ചെപ്പിന്റെ താളുകൾ മറിയുമ്പോൾ ഓരോ താളുകളിലും ഇടം നേടിയ ഒരു മുഖമാണ് ഏവർക്കും തന്റെ അമ്മയുടെ മുഖം. ഓർമ്മിക്കാൻ ഒരുപാടിഷ്ടവും ഓർക്കുമ്പോൾ ഓർമ്മയുടെ പച്ചപ്പ് കെടാതെ മനസ്സിൽ തെളിയുന്ന കനിവൊഴുകുന്ന ഒരമ്മ എനിക്കും നിനക്കും ഉണ്ട്, ജീവനോടെയോ അല്ലാതെയോ. ഓർമ്മകളിൽ എപ്പോഴും ജീവസ്പന്ദനമായ് കൂടെയുണ്ട്. കഴിഞ്ഞു



പോയ ബാല്യകാലത്തിന്റെ തിരിച്ചുകിട്ടാത്ത ആ ഭണ്ഡാരച്ചെപ്പിൽ തെളിഞ്ഞുവന്ന ഒരു കുട്ടിയുടെ ഓർമ്മകൾ; തന്റെ ബാല്യകാലത്ത് അമ്മയിൽ നിന്ന് മാറി നിൽക്കേണ്ടിവന്നെങ്കിലും, അനാഥത്വത്തിന്റെ വികാരം തീ പോലെ ആളി പടർന്നെങ്കിലും, ജീവിതം പച്ചപിടിപ്പിക്കാൻ ഓടി തളരുന്ന ആ അമ്മ ഇടയ്ക്കൊക്കെ തന്റെ മകളെ കാണാനായ് വന്ന് തിരിച്ചുപോകുമ്പോൾ ആ അമ്മയുടെ കൂടെ ബസ് സ്റ്റോപ്പ് വരെ, തന്റെ അമ്മയുടെ കാൽചുവടുകളോരോന്നിൽ തന്നെ കാല്പാദമൂന്നി ബസ് സ്റ്റോപ്പ് വരെ കൂടെ നടന്ന ഒരു കുട്ടിയുടെ കഥ. അവൾ തന്റെ അമ്മയെ പ്രാണനു തുല്യം സ്നേഹിച്ചു, ആ അമ്മ മകളെയും.

അതേ, നമുക്കും നമ്മെ പ്രാണനേക്കാൾ അധികമായി സ്നേഹിക്കുന്ന ഒരു സ്വർഗ്ഗീയ അമ്മ എനിക്കും നിനക്കും ഉണ്ട്. അവളുടെ കാൽപാടുകളിൽ നമ്മുടെ കാൽപാദമൂന്നി, കാൽവരിയുടെ വിരിമാറിൽ പിടഞ്ഞവനോടൊപ്പം നമുക്കും പ്രയാണം ചെയ്യാം. തന്റെ അമ്മയുടെ കാൽചുവടുകളിൽ സ്വപാദം സമർപ്പിച്ച കുട്ടിയെപോലെ പരിശുദ്ധ അമ്മയെ പ്രാണതുല്യം സ്നേഹിക്കാൻ നമുക്കാകട്ടെ. അങ്ങനെ ജപമാല മണികളിലൂടെ അമ്മയോടൊപ്പം ക്രിസ്തുരഹസ്യങ്ങളിൽ പ്രയാണം ചെയ്യാൻ ഈ ഒക്ടോബർ മാസത്തിൽ നമുക്കാകട്ടെ.

"എളിയവനായിരിക്കുക; സ്നേഹം എന്ന പുണ്യത്തിൽ ഏറ്റവും മുമ്പിൽ ആയിരിക്കുക"



# TRENDING LIFE

ഡീക്കൻ റൊണാൾഡ് മോളത്ത് Isch

കഴിവില്ലാത്തതും ഒരു കഴിവായി കാണാവുന്ന കാലമാണ്. പ്രതീക്ഷിക്കാതെയാണ് ഓരോരുത്തരൊക്കെ സോഷ്യൽ മീഡിയായിൽ താരങ്ങൾ ആവുന്നത്!

ഇനി പറയുന്ന കാര്യങ്ങൾ ചിലരുടെ കാര്യത്തിൽ മാത്രമേ ശരിയായിട്ടുണ്ടാവൂ. അതുകൊണ്ട് എല്ലാരുടേം കാര്യമാണെന്ന് കരുതരുത്.

## ഒരു യുവ ജീവിതം

**രംഗം 1:**

മൊബൈൽഫോണുമായി കസേരയിൽ ചുരുണ്ടിരിക്കുന്ന നായകൻ. ഫോണിലേക്ക് തലതാഴ്ത്തി കഴുത്തൊടിച്ച് വെട്ടാത്ത മുടിയിഴകൾക്കിടയിലൂടെ വിരലോടിച്ച് ആഴത്തിൽ ചിന്തിച്ചിരിക്കുന്നു. തല തെല്ലൊന്നുയർത്തി കണ്ണുകൾ കോണിലേക്ക് നോക്കി.

ആത്മഗതം പറയുന്നു: ശ്ശെടാ എല്ലാവരും സ്വന്തമായി യൂട്യൂബ് ചാനൽ തുടങ്ങുവാണല്ലോ. നമ്മക്കുമൊന്ന് നോക്കിയാലോ? എന്ത് കാണിക്കും ഒരു വെറൈറ്റി പിടിച്ചാലോ? 'റോസ്റ്റ് ചെയ്യുന്നവരെ റോസ്റ്റ് ചെയ്യുക'!

**രംഗം 2:**

മുറിക്കകം സെറ്റ് ചെയ്ത് ക്യാമറ ഒരുക്കി വീഡിയോ ഷൂട്ടിംഗ് സ്വന്തം ശബ്ദം മാറ്റി "എന്റെ പേര്.....

(ഇത് മണിക്കൂറുകൾ തുടരുന്നു; ഒരു പാട് വീഡിയോ കാണുന്നു. അവരെ എങ്ങനെ ബുദ്ധിപരമായി പരിഹസിക്കാം




എന്നതിനെക്കുറിച്ച് ചിന്തിക്കുന്നു.

കൂട്ടുകാരുടെ മെസ്സേജുകൾ...

ചീത്തവിളികൾ...

സപ്പോർട്ട് ചെയ്യുന്നവർ.... അങ്ങനെയങ്ങനെ സമയം നീങ്ങുന്നു.

**മുകളിൽ കണ്ട ആ യുവാവിന്റെ മനസ്സ്**

* എന്തെങ്കിലും ചെയ്യണമെന്ന് ഒരു നല്ല മനസ്സിൽ നിന്ന് തുടങ്ങുന്നു.

*ട്രെൻഡിംഗ് ആവാനായി ഒപ്പം ചേരുന്നു

* മറ്റുള്ളവരുടെ പ്രതികരണങ്ങൾക്കനുസരിച്ച് നന്നായും മോശമായും പ്രതികരിക്കുന്നു

*അവസാനം താനെന്ന വ്യക്തിയെ മറന്ന് ആത്മനിന്ദയിലേക്ക് വീഴുന്നു.



## എന്നാലിതാ വേറെ ചിലർ

മൂല്യബോധമുള്ള കാര്യത്തിനായി നില കൊള്ളുന്നു.

വേഗത്തിലൊന്നും ട്രെൻഡിംഗ് ആവുന്നില്ല.

എന്നാൽ ഒരു സെൽഫ് റെസ്പെക്ട് തോന്നുന്നു.

മറ്റുള്ളവരെ ഇൻസ്പൈർ ചെയ്യാൻ അയാൾക്ക് കഴിയുന്നു.

പ്രിയ യുവതീ യുവാക്കളേ,

സോഷ്യൽ മീഡിയായിലേക്ക് ആൾക്കാർ എത്തിനോക്കുന്നത് വ്യത്യസ്ത താൽപര്യങ്ങളോടെയല്ലേ? ചിലരെല്ലാം ഫേക്ക് അല്ലേ? അതു നിങ്ങൾക്ക് അറിവുള്ളതുമല്ലേ?




ഒരു പരിഭവം പറഞ്ഞോട്ടെ, വികാരഭരിതരായി പലതിനോടും റിയാക്ട് ചെയ്യുമ്പോൾ അത് പരിഹാസരൂപത്തിലോ, ആക്ഷേപമായോ, സങ്കടമായോ, എങ്ങനേയുമാവട്ടെ, ഒന്നോർക്കണം ചിലപ്പോഴൊക്കെ നിങ്ങളറിയാതെ നിങ്ങളെ മറ്റാരൊക്കെയോ നിയന്ത്രിക്കുകയാണ്. പലരും എന്റർടെയ്ൻമെന്റ് ആണെന്ന് പറഞ്ഞ് ചെയ്യുന്നത് അതല്ല എന്ന് ഓർമ്മിപ്പിക്കാൻ വേണ്ടി മാത്രം, അടച്ചാക്ഷേപിച്ചതല്ല.

**സുഭാഷിതങ്ങൾ6:16-19**

"കർത്താവ് വെറുക്കുന്ന ആറ് കാര്യങ്ങളുണ്ട്. ഏഴാമത് ഒന്നുകൂടി അവിടുന്ന് മ്ലേച്ഛമായി കരുതുന്നു. ഗർവ്വ് കലർന്ന കണ്ണ്, വ്യാജം പറയുന്ന നാവ്, നിഷകളങ്ക രക്തം ചൊരിയുന്ന കൈ, ദുഷ്കൃത്യങ്ങൾ നിനയ്ക്കുന്ന ഹൃദയം, തിന്മയിലേക്കു പായുന്ന പാദങ്ങൾ, അസത്യം പറഞ്ഞു പരത്തുന്ന കള്ളസാക്ഷി സഹോദരർക്കിടയിൽ ഭിന്നത വിതയ്ക്കുന്നവൻ".

തീർച്ചയായും നമുക്ക് കിട്ടുന്ന ഈ അധിക സമയങ്ങൾ വിവേകപൂർവ്വം ഉപയോഗിക്കണം. മറ്റുള്ളവരുടെ നന്മയ്ക്കായി ഒരു പോസിറ്റീവ് വൈബ് ഉണ്ടാക്കുന്നവ മാത്രം ചെയ്യുന്നതിനായി ഓരോന്നു ചെയ്യുമ്പോൾ ദൈവേഷ്ടം കൂടി നോക്കിയിട്ട് ചെയ്യാൻ മറക്കല്ലേ.



# കാർലോ അക്യൂറ്റീസ്

ബ്രദർ റെൻസൺ പാണേങ്ങാടൻ

ബർമുഡയും ബനിയനും ഇട്ട് ഒരു കൂളിംഗ് ഗ്ലാസ്സും വെച്ച് കയ്യിൽ ഒരു മൊബൈലും മുഖത്ത് നിറഞ്ഞ പുഞ്ചിരിയുമായി ഒരു 15 വയസ്സുകാരൻ. ഈ ആധുനിക ലോകത്തു നിന്ന് വിശുദ്ധിയുടെ പടവുകൾ ചവിട്ടികയറി. കമ്പ്യൂട്ടറിനോടും, മൊബൈലിനോടും, ഫുട്ബോളിനോടും ഒക്കെ വല്ലാത്ത ഭ്രമമുള്ള കാർലോ തന്റെ ഹീറോയായ ക്രിസ്തുവിന്റെ ചങ്കോട് ചേർന്നിരിക്കുക എന്നത് മാത്രമാണ് അവനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കിയത്. കാർലോ പരി, കന്യകാമറിയത്തോടും പരി. പരമ ദിവ്യകാരുണ്യത്തോടും അതീവ ഭക്തി പുലർത്തിയിരുന്നു.



കാർലോ 1991–ൽ ലണ്ടനിൽ ജനിച്ചു. രക്താർബുദം ബാധിച്ച കാർലോ 2006 ഒക്ടോബർ 12 ന് മോൻസോയിൽ വെച്ച് മരിച്ചു. കാർലോയുടെ മധ്യസ്ഥത്താൽ ഒരു ബ്രസീലിയൻ കുട്ടിക്ക് ലഭിച്ച അത്ഭുതം തിരുസഭ അംഗീകരിച്ചതോടെ ഫ്രാൻസിസ് പാപ്പ കാർലോ അക്യുറ്റിസിനെ വാഴ്ത്തപ്പെട്ടവരുടെ നിരയിലേക്ക് ഉയർത്തി.

# അദ്ധ്യയനവർഷം 2020 – 2021

ആളൂർ മേരിമാത ഷേൺസ്റ്റാട്ട് ഭവന്റെ 2020–2021 അദ്ധ്യയനവർഷം ജൂലൈ 29 ബുധനാഴ്ച്ച ഔദ്യോഗികമായി ആരംഭിച്ചു. ഈ വർഷം 8 പുതിയ വൈദീകാർത്ഥികളെ ലഭിച്ചു. ആകെ 21 വൈദീകാർത്ഥികളാണിവിടെ പഠിക്കുന്നത്. പരിശുദ്ധ അമ്മയുടെ വിശ്വസ്ത ഉപകരണങ്ങളായി സഭയെ സ്നേഹിക്കുക എന്നതാണ് ഈ വർഷത്തെ ആപ്തവാക്യം.







# എന്നമ്മയെ ഓർക്കുമ്പോൾ മാതാവെ നിന്നെ ഞാൻ ഓർക്കുന്നു...

**റവ. ഡോ. വിൽസൻ പാറേക്കാട്ടിൽ**

ഒക്ടോബർ മാസം ജപമാല മാസം – നമ്മുടെ അനുദിന പ്രാർത്ഥനയായ ജപമാലയിലൂടെ പരിശുദ്ധ അമ്മയെ പ്രത്യേകം ഓർക്കാനും വണങ്ങാനുമുള്ള അവസരം. എന്നമ്മയെ ഓർക്കുമ്പോൾ മാതാവെ നിന്നെ ഞാൻ ഓർക്കുന്നു മിഴിനീരോടെ... എന്ന് പാടിയ ഷാജി തുമ്പേച്ചിറയിൽ അച്ചൻ നമ്മുടെ വികാരങ്ങളെയാണ് തൊട്ടുണർത്തിയത്. നമ്മുടെ സ്വാഭാവികമായ മാതൃ അനുഭവത്തിന്റെ കോവണിപ്പടികൾ കയറി, ആ ഓർമ്മകൾ അയവിറക്കിക്കൊണ്ട് പരിശുദ്ധ അമ്മയുടെ ഹൃദയത്തിൽ കൂടുകൂട്ടാനുള്ള എളിയ ആഹ്വാനമാണ് ഈ ലേഖനം.



എന്റെ ഒരു അനുഭവം: 1987–ൽ തോപ്പ് (തൃശ്ശൂർ) മൈനർ സെമിനാരിയിൽ ചേർന്ന വർഷം. ആദ്യ ഓണ അവധിയുടെ കാര്യം അറിഞ്ഞ ഉടനെ കത്തിലൂടെ വിവരം വീട്ടിൽ അറിയിച്ചു (ഫോൺ ഇല്ലായിരുന്നു). ഉച്ചഭക്ഷണത്തിന് ശേഷമാണ് അവധിക്ക് പോകാൻ അനുവാദം ഉണ്ടായിരുന്നത്. മലയാറ്റൂർ മലയുടെ വടക്കെ ചരിവിലുള്ള പാണ്ടുപാറ നിവാസിയായിരുന്ന ഞാൻ സന്ധ്യയാകുന്നതിന് മുൻപ് വീട്ടിൽ എത്തിച്ചേരില്ല എന്ന ഭയത്തിൽ അടുത്ത ദിവസം പോയാൽ മതിയെന്ന് റെക്ടറച്ചൻ പറഞ്ഞു. ഞാൻ എന്റെ യാത്ര അടുത്ത ദിവസത്തേക്ക് നീട്ടി; വീട്ടിൽ ഈ വിവരം അറിയിക്കാൻ സാധിച്ചില്ല. അടുത്ത ദിവസം കാപ്പി കുടിച്ച് ഇറങ്ങാൻ തുടങ്ങുമ്പോൾ എന്നെ ആരോ കാണാൻ വന്നിരിക്കുന്നതായി പറഞ്ഞു. ചെന്ന് നോക്കിയപ്പോൾ എന്റെ അപ്പച്ചനും അമ്മച്ചിയും. പറഞ്ഞ ദിവസം വീട്ടിൽ എത്താത്തതുകൊണ്ട് ആവലാതിപ്പെട്ട്, രാത്രി മുഴുവൻ ഉറങ്ങാതെ, സൂര്യൻ ഉദിക്കുന്നതിന് മുൻപേ പുറപ്പെട്ട് അതിരാവിലെ അവർ എത്തി. അപ്പച്ചനോട് ഞാൻ ചോദിച്ചു. അല്പം കൂടി കാത്തിരിക്കത്തില്ലായിരുന്നോ? “അമ്മച്ചി സമ്മതിക്കണ്ടെ” എന്നായിരുന്നു മറുപടി. ഈ ഉറക്കം നഷ്ടപ്പെടുന്ന കരുതലിന്റെ പേരാണ് ‘അമ്മ’.

മുൻപേ പറഞ്ഞതുപോലെ നമ്മുടെയെല്ലാം മാതൃസ്നേഹാനുഭവത്തിന്റെ ഓർമ്മച്ചെപ്പുകൾ തുറന്ന് അതിന്റെ ലഹരിയിൽ പറന്നുയർന്ന് സ്വർഗ്ഗീയ അമ്മയുടെ മടിയിൽ ഒരു ഇടം പിടിക്കാനുള്ള അവസരമാണ് ഒക്ടോബർ മാസം. യോഹന്നാൻ 3:3ൽ നാം വായിക്കുന്നു. “വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല. നിക്കോദേമോസ് ചോദിച്ചു: പ്രായമായ മനുഷ്യന് ഇത് എങ്ങനെ സാധിക്കും? അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് അവനു ജനിക്കുവാൻ കഴിയുമോ?” മാമ്മോദീസ വഴി സഭാമാതാവിന്റെ ഉദരത്തിൽ വീണ്ടും ജനിക്കുന്ന നാം അതോടൊപ്പം

തന്നെ പരിശുദ്ധ അമ്മയെ വണങ്ങിക്കൊണ്ട് അമ്മയുടെ ഹൃദയത്തിൽ എന്നും ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്. ഇങ്ങനെ മാതാവിന്റെ ഹൃദയത്തിലൂടെയുള്ള വഴിയാണ് യേശുവിലേക്കുള്ള എളുപ്പവഴി. കാരണം രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നത് "ദൈവവചനം ഹൃദയത്തിലും ശരീരത്തിലും സ്വീകരിക്കുകയും അങ്ങനെ ലോകത്തിന് ജീവൻ പ്രദാനം ചെയ്യുകയും ചെയ്ത കന്യാമറിയം" എന്നാണ്.

"ദൈവവചനം ഹൃദയത്തിലും ശരീരത്തിലും സ്വീകരിച്ച അമ്മയെ നാം വണങ്ങുമ്പോൾ, സ്നേഹിക്കുമ്പോൾ നമ്മൾ അവളോട് അനുരൂപപ്പെടുന്നു. അമ്മയോട് നമ്മൾ അനുരൂപപ്പെടുന്ന ജീവിതങ്ങളിലാണ് ഈശോ ജന്മം കൊള്ളുന്നത്. കാരണം യഥാർത്ഥമായ സ്നേഹം അനുരൂപപ്പെടുത്തുന്ന ശക്തിയാണ്. ഈ വലിയ ആധ്യാത്മിക സത്യം മനസ്സിലാക്കിയിട്ടാണ് ഷേൺസ്റ്റാട്ട് ആധ്യാത്മിക പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ജോസഫ് കെന്റണിക്ക് അച്ചൻ 'മാതാവിനോടുള്ള സ്നേഹ ഉടമ്പടി' ക്രിസ്തുവിലേക്ക് നമ്മെ നയിക്കുന്ന ആദ്ധ്യാത്മികവഴിയായി തിരഞ്ഞെടുത്തത്. സ്നേഹ ഉടമ്പടിയിലൂടെ നാം നമ്മെത്തന്നെ "എന്റെ കണ്ണ്, എന്റെ ചെവി, എന്റെ നാവ്, എന്റെ ഹൃദയം, എന്റെ വ്യക്തിത്വം എന്നിവ മുഴുവനായും" സ്നേഹത്തിന്റെ അടയാളമായി ദൈവമാതാവിന് സമർപ്പിക്കുന്നു.

ഈ സ്നേഹ പ്രക്രിയയിലൂടെ നമ്മുടെ ഹൃദയത്തിൽ മാതാവിന്റെ രൂപം പ്രതിഫലിക്കുന്നു. മാതാവിന്റെ രൂപം ഉള്ള ഇടമാണ് ദൈവത്തിന് ഏറ്റവും പ്രീതികരമായ സ്ഥലം, ഈശോക്ക് ഏറ്റവും പ്രിയപ്പെട്ട പാർപ്പിടം. ഈ സ്നേഹപ്രക്രിയ അതിരു കടക്കുമോ എന്ന സംശവും ഭയവും ആർക്കും വേണ്ട. വിശുദ്ധനായ ധീര രക്തസാക്ഷി മാക്സ്മില്ല്യൻ കോൾബെ പറയുന്നു:"മാതാവിനെ കൂടുതൽ സ്നേഹിക്കുന്നു എന്ന് ഒരിക്കലും ഭയപ്പെടേണ്ട. യേശു സ്നേഹിച്ചതിനേക്കൾ കൂടുതലായി അവളെ സ്നേഹിക്കാൻ നമുക്ക് സാധിക്കുകയില്ല".

ഇങ്ങനെ മാതാവുമായി സ്നേഹ ഉടമ്പടിയിൽ ജീവിക്കുന്നതിന്റെ പരിസമാപ്തി എന്നായിരിക്കും? പ്രശസ്ത സിനിമ നടനും സംവിധായകനുമായ ബാലചന്ദ്രമേനോന്റെ ഒരു അനുഭവം: സ്വന്തം അമ്മയെ ഒത്തിരി സ്നേഹിച്ചിരുന്ന ചന്ദ്രൻ പ്രായമായ അമ്മയൊത്ത് ഒത്തിരി സമയം ചിലവഴിച്ചിരുന്നു. ഒരു ദിവസം അമ്മയുടെ നഖം വെട്ടിക്കൊടുത്തുകൊണ്ടിരുന്നപ്പോൾ അമ്മ ചോദിച്ചു: "മോനെ പുനർജന്മത്തിൽ നിനക്ക് വിശ്വാസം ഉണ്ടോ?" "എനിക്ക് അതൊന്നും അറിയില്ല ഞാൻ ചിന്തിക്കാറുമില്ല" എന്നായിരുന്നു മറുപടി. അമ്മ വിരിഞ്ഞ കണ്ണുകളോടെ പറഞ്ഞു "മകനെ ചന്ദ്രാ, അങ്ങനെ ഒരു പുനർജന്മം ഉണ്ടെങ്കിൽ നീ എന്റെ വയറ്റിൽ തന്നെ പിറന്നാൽ മതി കേട്ടോ." ബാലചന്ദ്രമേനോൻ ഈ അനുഭവത്തെപ്പറ്റി പിന്നീട് പറയുന്നത്. "എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം, ഏറ്റവും വലിയ സമ്മാനം, ഏറ്റവും വലിയ വികാരം അതായിരുന്നു" എന്നാണ്.

മാതൃകരുതലിന്റെ ഓർമ്മകൾ അയവിറക്കി പരി. അമ്മയുടെ ഹൃദയത്തിൽ കൂടുകൂട്ടി അമ്മയുമായി ആഴമായ സ്നേഹബന്ധത്തിൽ - സ്നേഹ ഉടമ്പടിയിൽ - വളരുന്ന നമ്മെ മരണകവാടത്തിൽ കാത്ത് നിന്നുകൊണ്ട് പ്രസാദവരനാഥയായ പരിശുദ്ധ അമ്മ പറയും "മകനെ, മകളെ, ഇനിയുള്ള കാലം - സ്വർഗ്ഗത്തിലും - നീ എന്റെ ഉദരത്തിൽ തന്നെ ജീവിച്ചാൽ മതി.




പ്രിയ കൂട്ടുകാരേ,

ഒരിക്കൽ ഒരു ധനികനായ മനുഷ്യന് കുറച്ചു ദിവസം ആശുപത്രിയിൽ കിടക്കേണ്ടിവന്നു. ശ്വാസം വലിക്കാൻ വളരെ ക്ലേശിച്ച അദ്ദേഹത്തെ ഡോക്ടർമാർ വെന്റിലേറ്ററിൽ പ്രവേശിപ്പിച്ച് കൃത്രിമ ശ്വാസം നല്കി. കുറച്ചു ദിവസത്തെ പരിചരണങ്ങൾക്കൊടുവിൽ അദ്ദേഹത്തിന്റെ ആരോഗ്യനില മെച്ചപ്പെട്ടു. ഡിസ്ചാർജ്ജായി വീട്ടിലേയ്ക്ക് മടങ്ങാൻ തയ്യാറായി നിന്ന ആ ധനികൻ ആശുപത്രി ബിൽ കണ്ട് ഞെട്ടി. പിന്നീട് അയാൾ അവിടെ മുട്ടുകുത്തി കരയാൻ തുടങ്ങി. കണ്ടു നിന്നവരെല്ലാം ആശ്ചര്യപ്പെട്ടു. നാട്ടിലെ ഏറ്റവും സമ്പന്നനായ ഇയാൾ, പ്രാണൻ തിരിച്ചുകിട്ടിയതിൽ സന്തോഷിക്കുകയല്ലേ വേണ്ടത്. എന്ന് ചിലർ അടക്കം പറഞ്ഞു. ഇയാൾ ഇത്ര പിശുക്കനായിരുന്നോ എന്ന് മറ്റ് ചിലർ സംശയം പ്രകടിപ്പിച്ചു. അയാൾ പ്രതീക്ഷിച്ചതിലും വളരെ കുറഞ്ഞ ബിൽതുക കണ്ട് ആനന്ദകണ്ണീർ പൊഴിക്കുന്നതാണ് എന്നായിരുന്നു ചിലരുടെ പരിഹാസം. അടുത്തുണ്ടായിരുന്ന ഡോക്ടർമാർ അയാളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. ''കരയാതെ നമുക്ക് പരിഹാരമുണ്ടാക്കാം''. അപ്പോൾ ധനികനായ ആ മനുഷ്യൻ പറഞ്ഞു "സർ, ഒരു പക്ഷേ ഈ ആശുപത്രി മുഴുവൻ മേടിക്കാനുള്ള പണം എനിക്കുണ്ട്. ഈ ബിൽ തുക അടയ്ക്കാനുള്ള പ്രയാസം കൊണ്ടല്ല ഞാൻ കരഞ്ഞത്. ഏതാനും ദിവസങ്ങൾ പ്രാണവായു എടുക്കാൻ വേണ്ടി ഞാൻ ഈ ആശുപത്രിയിൽ ഇത്രയും വലിയ ഒരു തുക അടയ്ക്കേണ്ടി വന്നു. ജനിച്ച നാൾ മുതൽ ദൈവം എനിക്ക് ദാനമായി നല്കിക്കൊണ്ടിരുന്നതും ഇതേ വായു തന്നെ ആയിരുന്നല്ലോ! എന്നിട്ടും ഞാൻ ഒരിക്കൽപോലും ആ മഹാദാനത്തിന് ദൈവത്തോട് നന്ദി പറഞ്ഞില്ലല്ലോ". അവിടെ ഉണ്ടായിരുന്ന ഏവരും അയാൾക്കൊപ്പം കണ്ണീർവാർത്തു.



അതേ, പ്രാണവായു മാത്രമല്ല, ഇതുവരെ നമ്മുക്കു ലഭിച്ചുകൊണ്ടിരുന്ന വെള്ളവും പ്രകാശവും ഭക്ഷണവും എല്ലാം ദൈവത്തിന്റെ മഹാദാനങ്ങൾ തന്നെയല്ലേ? നമുക്ക് കാണാനും കേൾക്കാനും സംസാരിക്കാനും സാധിക്കുന്നത് വലിയ ദൈവാനുഗ്രഹം തന്നെ. ദൈവീകദാനങ്ങൾക്ക് നന്ദി പറയുക എന്നത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. നാം നേരിടേണ്ടിവരുന്ന കഷ്ടതകളും സഹനങ്ങളും ദൈവം ഇല്ല എന്ന് വിളിച്ചുപറയുവാൻ വേണ്ടി ഉള്ളതല്ല. അത്ഭുതകരമായ ദൈവപരിപാലനയുടെ അദൃശ്യകരങ്ങൾ കാണാൻ ഈ പകർച്ചവ്യാധിയുടെ കാലത്തും നമുക്ക് സാധിക്കും. നമ്മുടെ മാതാപിതാക്കന്മാർക്കും സഹോദരങ്ങൾക്കും കൂട്ടുകാർക്കും ദൈവാനുഗ്രഹമുണ്ടാകാൻ കഷ്ടതയുടെ ഈ നാളുകളിൽ നമുക്ക് പരിശ്രമിക്കാം. കൂട്ടുകാർക്കെല്ലാം നല്ല ആരോഗ്യം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.

**നിങ്ങളുടെ ദോസ്ത്.**



# ചിരിക്കാൻ ചിന്തിക്കാൻ

ആഘോഷമായ 10 ദിവസത്തെ ജപമാല പള്ളിയിൽ നടക്കുന്ന സമയം. ഓരോ ദിവസവും ഓരോ യൂണിറ്റ് ജപമാലയ്ക്ക് നേതൃത്വം വഹിക്കണം. എല്ലാ ദിവസവും ക്രിയാത്മകമായി തന്നെ നടത്തണം എന്നാണ് വികാരിയച്ചന്റെ ആജ്ഞ.

എന്തിനുപറയാൻ ഒന്നിനൊന്നു മെച്ചത്തിൽ ഓരോ ദിവസവും ജപമാല വളരെ ആഘോഷമായി മുന്നേറുന്നു. അടുത്ത ദിവസം ചാവറ യൂണിറ്റിന്റെ ഊഴമാണ്. യൂണിറ്റ് പ്രസിഡന്റും സെക്രട്ടറിയും തലപുകഞ്ഞാലോചിച്ചു. മറ്റു യൂണിറ്റുകളിൽ നിന്ന് വ്യത്യസ്തമായിരിക്കണം, മനോഹരമായിരിക്കണം, ആവർത്തനവിരസത ഒഴിവാക്കണം എന്നിവയായിരുന്നു നിബന്ധന. ചൊവ്വാഴ്ച്ചയായതിനാൽ ദുഃഖകരമായ രഹസ്യങ്ങളെക്കുറിച്ചായിരുന്നു അന്നത്തെ കൊന്ത. ചാവറ യുണിറ്റുകാർ അടിച്ചുപൊളിക്കാൻ തന്നെ തീരുമാനിച്ചു. അവർ ഓരോ രഹസ്യവും ദൃശ്യാവിഷ്ക്കാരത്തോടെ അവതരിപ്പിച്ചു. പൂങ്കാവനത്തിൽ പ്രാർത്ഥിക്കുമ്പോൾ ചോര വിയർക്കുന്നത്, യൂദന്മാർ മുൾമുടി ധരിപ്പിക്കുന്നത്, ചമ്മട്ടിയടിയേറ്റ് കുരിശുവഹിക്കുന്നത്, യേശുവിനെ കുരിശിൽ തറയ്ക്കുന്നത്. മറ്റു യൂണിറ്റുകാർ അടക്കം പറഞ്ഞു തുടങ്ങി ഇന്ന് ദുഃഖവെള്ളിയാണോ? ഇത് കൊന്തയാണോ, പീഢാനുഭവ സിനിമയോ? ഇന്നു തന്നെ ഈശോയുടെ ഉയിർപ്പും കാണുമായിരിക്കുമോ? ഇങ്ങനെ ഓരോ മുറുമുറുപ്പുകൾ ഉയരുന്നത് വികാരിയച്ചൻ കേട്ടു. രംഗം വഷളാകുമെന്നു മനസ്സിലാക്കിയ വികാരിയച്ചൻ ലുത്തിനയുടെ സമയത്ത് എന്തുപറയണമെന്നുള്ള ആലോചനയിലായി. അവസാനം വികാരിയച്ചന് ഒരു ആശയം ലഭിച്ചു. ജപമാല കഴിഞ്ഞ് വികാരിയച്ചൻ നന്ദി പറയുവാൻ എഴുന്നേറ്റു. എല്ലാവരും പ്രതീക്ഷിച്ചു ചാവറ യൂണിറ്റിന് കണക്കിനു കിട്ടുമെന്ന്. വികാരിയച്ചൻ ആരംഭിച്ചു. ചാവറ യൂണിറ്റിന്റെ ദൃശ്യാവിഷ്ക്കാരം നന്നായി, യേശുവിന്റെ പീഢാനുഭവത്തിലേയ്ക്ക് ധ്യാനപൂർവ്വം ജപമാല ചൊല്ലി സഞ്ചരിക്കുവാൻ ചാവറ യൂണിറ്റ് നമ്മെ സഹായിച്ചു. ഇതുപോലെ ഓരോ ജപമാല മണിയും മാനവചിന്തയെ വ്യത്യസ്തമാക്കണം. ജപമാല മണികൾക്കിടയിൽ പരാതിയില്ലാതെ നമുക്ക് ഒതുങ്ങിക്കൂടാം. ഇതിനുശേഷം ആരും തന്നെ ഒന്നും പറഞ്ഞില്ല. നിർണ്ണായക സമയത്ത് വികാരിയച്ചന്റെ ഗോളടി കലക്കി എന്നായിരുന്നു ദേവാലയത്തിലെ മിക്കവരുടെയും ആത്മഗതം. നമുക്കൊന്നു കാതോർക്കാം.

"വിവേകപൂർവ്വമായ സമീപനം ആപത്ത് ഒഴിവാക്കുന്നു".

**JK**

പ്രവാചക ചരിത്രം

# യുദ്ധത്തിന്റെ സന്തതികൾ



ഒന്നാം ലോകമഹായുദ്ധം തുടങ്ങിയ അതേ വർഷം തന്നെയാണ് ഷൺസ്റ്റാട്ട് പ്രസ്ഥാനം ആരംഭിച്ചത്. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തെ പലപ്പോഴും യുദ്ധത്തിന്റെ സന്തതിയായിട്ടാണ് കെന്റണിക്കച്ചൻ വിശേഷിപ്പിച്ചിരുന്നത്. അടിസ്ഥാനപരമായ ഒരു ആദർശത്തെ ആസ്പദമാക്കി ആയിരുന്നു ഈ അഭിപ്രായപ്രകടനം. സമരം കൂടാതെയും എതിർപ്പ് കൂടാതെയും രക്തച്ചൊരിച്ചിൽ ഇല്ലാതെയും വിമോചനം സാദ്ധ്യമല്ലായിരുന്നു. ആ ആദർശം 1939-ൽ ഷേൺസ്റ്റാട്ട് കുടുംബത്തിന്റെ അടിസ്ഥാനതത്വങ്ങളെക്കുറിച്ച് എഴുതിയ കത്തിൽ ''യുദ്ധത്തിന്റെ സന്തതികൾ എന്ന നിലയിൽ നമ്മൾക്കും മർദ്ദനത്തിൽക്കൂടിയും ബുദ്ധിമുട്ടുകളിൽ കൂടിയും മാത്രമേ വളരാനും വികസിക്കാനും കഴിയുകയുള്ളൂ" എന്ന് കെന്റണിക്കച്ചൻ എഴുതി. - എല്ലാ തലത്തിലും യുദ്ധത്തിന്റെ പ്രതിഫലനങ്ങൾ കാണാമായിരുന്നു. സൊഡാലിറ്റി അംഗമായ ഒരു വിദ്യാർത്ഥിയുടെ കത്തിൽനിന്ന് യുദ്ധത്തിന്റെ തീവ്രത നമുക്ക് മനസ്സിലാക്കാൻ സാധിക്കും. '1915-ൽ ഞങ്ങൾ ഏറൻബറ്റ് സ്റ്റെയിനിൽ നിന്നും ഷേൺസ്റ്റേറ്റാട്ടിലേക്ക് തിരിച്ചുവന്നു. ഞങ്ങളുടെ കോളജ് സൈനികാശുപ്രതിയായി മാറിക്കഴി ഞ്ഞിരുന്നു. റൈൻ നദിയുടെ താഴ്‌വരയിൽ ഞങ്ങൾ അങ്ങേയറ്റം ദാരിദ്ര്യത്തിലാണ് ജീവിച്ചത്. കിടക്കയോ മറ്റ് സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. ആകെ ഉണ്ടായിരുന്ന സമ്പാദ്യം ഏതാനും വൈക്കോൽ ചാക്കുകളും ഞങ്ങളുടെ സാധനങ്ങൾ സൂക്ഷിച്ചിരുന്ന പെട്ടികളും മാത്രമായിരുന്നു. എലികൾ ഞങ്ങൾക്ക് ചുറ്റും ഓടിനടന്നിരുന്നു."

യുദ്ധത്തിന്റെ ആദ്യ ഘട്ടത്തിൽത്തന്നെ ഏതാനും സൊഡാലിറ്റി അംഗങ്ങൾ യുദ്ധസേവനത്തിന് വിളിക്കപ്പെട്ടു. കെന്റണിക്കച്ചന്റെ പുതിയ വെല്ലുവിളി യുദ്ധത്തിന് പോയിരിക്കുന്ന സൊഡാലിറ്റി അംഗങ്ങളുമായി എങ്ങനെ നല്ല ബന്ധം നിലനിർത്തുകയും എങ്ങനെ ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയിൽ ജീവിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യാം എന്നതായിരുന്നു. അതിനദ്ദേഹം രണ്ട് മാർഗ്ഗങ്ങളാണ് കണ്ടുപിടിച്ചത്. ഒന്നാമതായി ഓരോരുത്തരുമായി നല്ല വ്യക്തിബന്ധം ഉണ്ടാക്കുക. രണ്ടാമതായി "മദർ അഡ്മിറബിൾ' എന്ന ഒരു മാസിക തുടങ്ങുക. സൊഡാലിറ്റി അംഗങ്ങളുമായി നിരന്തരബ

സ്ഥം പുലർത്തുന്നതിൽ മാത്രമായിരുന്നു അച്ചന്റെ ശ്രദ്ധ. അതിനുള്ള ഒരവസരവും അദ്ദേഹം പാഴാക്കിയില്ല. 1915-ൽ അദ്ദേഹം സൊഡാലിറ്റി അംഗങ്ങൾക്ക് എഴുതിയ കത്തിൽ നിന്ന്, "ഒരു പക്ഷേ നിങ്ങളിപ്പോൾ ഭൂമിക്കടിയിലുള്ള കുഴിക്കുള്ളിൽ (Trench) കഴിയുകയായിരിക്കും, എന്തൊക്കെ പ്രതിബന്ധങ്ങൾ നേരിടേണ്ടി വന്നാലും നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ അമ്മ നിങ്ങളെ നേരായ വഴികളിൽക്കൂടി നയിക്കും." 1916 മാർച്ച് 5-ാം തീയതി കെന്റണിക്കച്ചന്റെ പരിശ്രമഫലമായി ഷേൺസ്റ്റാട്ടിലെ ആദ്യത്തെ ആനുകാലിക പ്രസിദ്ധീകരണമായ "മദർ അഡ്മിറബിൾ' പ്രസിദ്ധീകരിച്ചു. യുദ്ധരംഗത്തുള്ള സൊഡാലിറ്റി അംഗങ്ങൾക്ക് ആദ്ധ്യാത്മിക പിന്തുണയും പ്രചോദനവും നൽകുകയായിരുന്നു. ആദ്യലക്ഷ്യം. നൂറ് കോപ്പികളുമായി തുടങ്ങിയ മാസിക വർഷാവസാനം

ആയിരം കോപ്പി വരെ എത്തി. 1917 ഡിസംബർ മാസത്തോടെ കോപ്പികൾ രണ്ടായിരമായി. മാസികയുടെ ശൈശവദശയിലെ പ്രതിസന്ധികൾ തരണം ചെയ്ത് കഴിഞ്ഞപ്പോൾ കെന്റണിക്കച്ചൻ സൊഡാലിറ്റി അംഗങ്ങൾക്ക് എഴുതി: "എന്തുമാത്രം ആകുലതയോടെ ആണ് നാം ആദ്യത്തെ നൂറു കോപ്പികൾ ഒരുക്കിയതെന്ന് നിങ്ങൾ ഓർക്കുമല്ലോ. നമ്മുടെ സൊഡാലിറ്റി അംഗങ്ങൾക്ക് അൻപത് കോപ്പികൾ മതിയാകുമായിരുന്ന സമയത്താണ് ഞാൻ നൂറ് കോപ്പികൾ അടിച്ചത്. വലിയൊരു ആത്മധൈര്യം അതിനാവശ്യമാണ്. അതുകൊണ്ടു മാത്രമാണ് സൊഡാലിറ്റി കൂടുതൽ വളരാൻ ഇടയായത്.

ഷേൺസ്റ്റാട്ടിന് പുറത്തും മരിയൻ സൊഡാലിറ്റി പ്രസിദ്ധമായി. ഹോളണ്ടിലെ മരിയൻ സൊഡാലിറ്റിയുടെ പ്രീഫെക്ട് 'മദർ അഡ്മിറബിൾ' മാസികയുടെ കോപ്പികൾക്കു വേണ്ടി എഴുതി. അതുപോലെതന്നെ 1917-ൽ ബോൺ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ റഡേമാഷർ ഷേൺസ്റ്റാട്ടിൽ നടന്ന ഒരു സമ്മേളനത്തിൽവെച്ച് യുവജനങ്ങൾക്കു വേണ്ടി തന്റെ മാസികയിലൂടെ വളരെ നല്ല ആദ്ധ്യാത്മികശിക്ഷണമാണ് കെന്റണിക്കച്ചൻ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടു. - ഒന്നാം ലോകമഹായുദ്ധത്തിന്റെ നാളുകൾ

മുതൽ തന്റെ മരണം വരെ നീണ്ട 50 വർഷം പടിപടിയായി തന്റെ പ്രവർത്തനങ്ങളുടെ മേഖല അച്ചൻ വികസിപ്പിച്ചുകൊണ്ടു വന്നു. രാവും പകലും അദ്ധ്വാനിക്കുന്നതോടൊപ്പം ഓരോരുത്തരുടെയും ആവശ്യങ്ങൾക്ക് വ്യക്തിപരമായ ശ്രദ്ധ ചെലുത്തുകയും ചെയ്തു. താൻ തുടങ്ങിയ ഓരോ കാര്യങ്ങളിലും ദൈവിക പ്ലാൻ തിരിച്ചറിയാൻ ശ്രദ്ധിച്ചു. എല്ലാ കാര്യങ്ങളിലും തന്റെ വ്യക്തിപരമായ കഴിവിനേക്കാൾ ദൈവത്തിന്റെ പദ്ധതി എന്താണെന്ന് തിരിച്ചറിയുകയും അത് നിറവേറ്റുകയും ചെയ്യുകയായിരുന്നു അച്ചന്റെ പ്രവർത്തനശൈലി. ഏതു കാര്യങ്ങൾക്കും ദൈവത്തിൽനിന്ന് ഒരു അടയാളം ലഭിക്കുന്നതുവരെ അദ്ദേഹം കാത്തിരിക്കും. ജീവിതത്തിന്റെ ഓരോ നിമിഷവും അങ്ങേയറ്റം ദൈവഹിതം അനുസരിക്കാൻ പരിശ്രമിച്ചു. 1968 സെപ്തംബർ 20-നു കെന്റണിക്കച്ചന്റെ ശവസംസ്കാരചടങ്ങിൽ മ്യൂൺസ്റ്റർ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് ഹെൻട്രിഹ് ടെൻഹൂംബർഗ് പറഞ്ഞത് ശ്രദ്ധേയമാണ്: "ഓരോ നിമിഷവും ദൈവത്തെ ശ്രവിച്ചുകൊണ്ടിരുന്ന, അനുസരണത്തിന്റെ അഗാധതയിൽ എത്തിയിരിക്കുന്ന, മറ്റൊരു വ്യക്തിയെ എന്റെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല."

"അന്ധകാരത്തിലും രാത്രിയിലും ദൈവം എന്റെ കൂടെ ഉണ്ടായിരിക്കും;
കാരണം, ദൈവത്തിന്റെ സ്നേഹം എപ്പോഴും എന്നെ സംരക്ഷിക്കുന്നു"



ഹൃദയമൊഴി



# മനസ്സ് കൊണ്ട് പോയില്ല

ഡോ. ജോയ് പുതുശ്ശേരി ISch

America's Got Talent എന്ന പ്രോഗ്രാമിന്റെ പതിനഞ്ചാം സീസൺ പ്രീമിയറിൽ 59 വയസ്സുകാരനായ ആർച്ചി വില്യംസ് എന്ന ലൂസിയാനക്കാരൻ എൽട്ടൺ ജോൺസന്റെ Do not let the Sun go down on me എന്ന ഗാനം 2020 മെയ് 26ന് ആലപിച്ചു. ഗാനത്തേക്കാൾ കൂടുതലായി പ്രേക്ഷകരെ അത്ഭുതപ്പെടുത്തിയത് ആർച്ചിയുടെ ജീവിതമായിരുന്നു.

1982 ഡിസംബർ 9ന് ബാറ്റൺ റൗജിലെ വെളുത്ത വർഗ്ഗക്കാരിയായ അമേരിക്കൻ വനിത ബലാത്സംഗം ചെയ്യപ്പെടുകയും കുത്തേൽക്കപ്പെടുകയും ചെയ്തു. ബലാത്സംഗം ചെയ്യപ്പെട്ട വനിത ആർച്ചിക്കെതിരെ മൊഴി കൊടുത്തു. ആർച്ചിയുടെ വിരലടയാളമില്ലാതിരുന്നിട്ടും അതേസമയം ആർച്ചി വീട്ടിൽ ഉറങ്ങുകയായിരുന്നിട്ടും പോലീസ് ആർച്ചിയെ കൊലപാതകശ്രമം, ബലാത്സംഗം, കവർച്ച എന്നീ കുറ്റങ്ങൾ ചുമത്തി അറസ്റ്റ് ചെയ്തു. 1983 ജനുവരി നാലിനായിരുന്നു അറസ്റ്റ് രേഖപ്പെടുത്തിയത്. അമേരിക്കയിൽ ഏറ്റവും കുപ്രസിദ്ധിയാർജിച്ച അംഗോള സ്റ്റേറ്റ് പെനിറ്റ്യൻഷറിയിലായിരുന്നു പരോളില്ലാതെ ജീവപര്യന്തം ശിക്ഷ അനുഭവിക്കേണ്ടിയിരുന്നത്. ജയിൽവാസികൾ തമ്മിലുള്ള അടിപിടി കാരണം Bloodiest Prison എന്നായിരുന്നു അംഗോള സ്റ്റേറ്റ് പെനിറ്റ്യൻഷറി അറിയപ്പെട്ടിരുന്നത്. Innocence Project എന്ന സംഘടന ആർച്ചിയുടെ കേസ് ഏറ്റെടുത്തു. DNA ടെസ്റ്റ് നടത്താനും കൈവിരലടയാളം പരിശോധിക്കാനും ആവശ്യപ്പെട്ട് നീണ്ട 36 വർഷം ആർച്ചിയുടെ നിരപരാധിത്വം തെളിയിക്കാനായിട്ടവർ പൊരുതി. അവസാനം 2019 മാർച്ചിൽ ആർച്ചിയുടെ Finger Print ID സംവിധാനത്തിൽ നൽകപ്പെട്ടു. അങ്ങനെ കുറെ കുറ്റകൃത്യങ്ങൾ ചെയ്തിട്ടുള്ള ആർച്ചിയുടെ സമീപവാസിയായ മറ്റൊരാളാണ് യഥാർത്ഥ കുറ്റവാളിയെന്ന് തിരിച്ചറിഞ്ഞു. 2019 മാർച്ച് 19ന് കോടതി ആർച്ചിയെ കുറ്റവിമുക്തനാക്കി.

ആർച്ചിയുമായുള്ള അഭിമുഖത്തിൽ അദ്ദേഹത്തോട് ചോദിച്ച ഒരു ചോദ്യമുണ്ടായിരുന്നു. എങ്ങനെയാണ് ഇത്രയും നീണ്ട വർഷങ്ങൾ താങ്കൾക്ക് നിരപരാധിത്വം തെളിയിക്കാനായി പൊരുതാൻ കഴിഞ്ഞത്? ആർച്ചിവില്യംസിന്റെ ഉത്തരം ഇപ്രകാരമായിരുന്നു 'ഞാൻ ജയിലിലേക്ക് പോയി. എന്നാൽ എന്റെ മനസ്സിനെ കൊണ്ടുപോയില്ല'. അതോടൊപ്പം അദ്ദേഹം ഒരു കാര്യം കൂട്ടിച്ചേർത്തു. ജയിലിൽ വെച്ച് America's Got Talent Program കാണുമായിരുന്നു. അപ്പോഴെല്ലാം ഇവിടെ വന്ന് വലിയ സദസ്സിന് മുൻപിൽ പാടുന്നത് സ്വപ്നം കണ്ടിരുന്നു.

നീണ്ട 36 വർഷങ്ങൾ മനസ്സ് മടുക്കാതെ പിടിച്ചുനിർത്തൽ എളുപ്പമുള്ള കാര്യമല്ല. പക്ഷേ, ആർച്ചി വില്യംസ് തന്റെ അനുഭവ






"ദൈവമേ ഞാൻ ദുർബലനും നിസ്സാരനുമായതിനാൽ എന്നെ കരുണയുടെ അത്ഭുതമാക്കിമാറ്റണമേ"

ത്തിലൂടെ അത് സാധ്യമാണെന്ന് തെളിയിച്ചു. ആത്മബലവും പരിശ്രമവും ഉണ്ടെങ്കിൽ ജീവിതത്തിലെ ഏത് പ്രശ്നങ്ങളെയും നേരിടാൻ നമുക്ക് സാധിക്കും. മുളം തണ്ടിൽ നിന്ന് സംഗീതത്തിലേക്കുള്ള ദൂരം ഏഴ് മുറിവുകളാണ്. ജീവിതത്തിന്റെ സംഗീതം ആസ്വദിക്കാൻ പലതരം മുറിവുകളിലൂടെ കടന്ന് പോകേണ്ടിവരും.

27 വർഷത്തെ ജയിൽവാസത്തിന് ശേഷം ജയിൽ മോചിതനായി പുറത്തേക്ക് വന്നപ്പോൾ നെൽസൺ മണ്ടേല പറഞ്ഞ ഒരു വാചകം ഉണ്ട്. 'സ്വാതന്ത്ര്യത്തിന്റെ വാതിലിന് മുൻപിൽ നിൽക്കുമ്പോൾ എന്റെ വേദനയും ദേഷ്യവും വിദ്വേഷവും ഞാൻ ഉപേക്ഷിക്കുന്നില്ലെങ്കിൽ ഞാൻ ജയിലിൽ തന്നെയായിരിക്കും'.

മുറിവുകളുടെയും വൈരാഗ്യത്തിന്റെയും വെറുപ്പിന്റെയും സ്വയം തീർക്കുന്ന തടവറകളിൽ ജീവിതം വിഷമിച്ച് ജീവിക്കുന്നവരാണ് നമ്മളിൽ പലരും. മുറിവേറ്റ ഇന്നലകളെയും മുറിവേൽപ്പിച്ചവരെയും മറക്കാൻ സാധിക്കണം. പ്രതീക്ഷയുടെ നാളുകൾ ആയിരിക്കണം നമ്മളെ മുന്നോട്ട് നയിക്കേണ്ടത്. അപ്പോൾ ജീവിതത്തിന്റെ ഏതവസ്ഥയിലും സന്തോഷം കണ്ടെത്താൻ നമുക്ക് കഴിയും.

■

# SALTT Programs

നമ്മുടെ കുട്ടികളെ സ്നേഹഉടമ്പടിയിലൂടെ മാതാവിന്റെ മക്കളായി രൂപപ്പെടുത്തുന്നതിന് എല്ലാ ശനിയാഴ്ചകളിലും "Covenant of love class" നടത്തിവരുന്നു. 18 കുട്ടികൾ ഈ ക്ലാസിൽ പങ്കെടുക്കുന്നു.

മെയ് മാസത്തിലെ വണക്കമാസ ആചരണത്തിന്റെ ഭാഗമായി SALTTലെ കുട്ടികൾ നടത്തിവന്നിരുന്ന "അമ്മയോടൊപ്പം ക്രൂശിതൻ ചാരെ' എന്ന 31 ദിവസം നീണ്ടുനിന്ന വീഡിയോ പ്രോഗ്രാമിനു ശേഷം ജൂൺ മാസം മുതൽ SALTTലെ കൂട്ടുകാർ 'അമ്മയോടൊപ്പം' എന്ന ഒരു Video പ്രോഗ്രാം ഷേൺസ്റ്റാട്ട് കപ്പേളയിൽ നിന്നും നടത്തിവരുന്നു. ഓരോ വീഡിയോയിലും കുട്ടികൾ മാതാവിന്റെ അതാതു ദിവസത്തെ തിരുനാളുകളെകുറിച്ചുള്ള ഒരു ചെറിയ വിശകലനം നടത്തുന്നു. ഇതിലൂടെ മാതാവിനോടുള്ള വിശ്വാസവും, വിധേയത്വവും, മാതൃ ഭക്തിയും പങ്കെടുക്കുന്ന കുട്ടികളിലും ഈ പ്രോഗ്രാം കാണുന്ന വ്യക്തികളിലും രൂപപ്പെടുത്തുകയും ചെയ്യുന്നു. ഒരു വർഷത്തിൽ മാതാവിന്റെ തിരുനാളുകൾ എത്ര ഉണ്ടെന്നും അമ്മയുടെ അൽഭുതങ്ങളും അനുഗ്രഹങ്ങളും എത്രമാത്രം അനുഭവവേദ്യമാണ് എന്നും ഈ പ്രോഗ്രാമിലൂടെ സാൾട്ടിന്റെ കൂട്ടുകാർ നമ്മെ അറിയിക്കുന്നു.

ഒക്ടോബർ മാസം മുതൽ 'അമ്മയ്ക്കായ്' എന്ന ഒരു പുതിയ പരിപാടി SALTT രൂപപ്പെടുത്തിയിരിക്കുന്നു. ജപമാല മാസമായ ഒക്ടോബർ മാതാവിനായി സമർപ്പിക്കാൻ കുറെ കൊച്ചു കൂട്ടുകാരും അമ്മമാരും ഒത്തുചേരുന്നു. പരിശുദ്ധ അമ്മയെ കുറിച്ചുള്ള ഭക്തിനിർഭരമായ ഗാനങ്ങൾക്ക് നൃത്താവിഷ്കാരം നടത്തി ഈ കൂട്ടുകാർ അമ്മയെ വണങ്ങുന്നു. ഇത് ജപമാല രാജ്ഞിക്കായുള്ള അവരുടെ സമ്മാനമാണിത്.

ഈ പരിപാടികൾ ഞങ്ങളുടെ യൂട്യൂബ് ചാനൽ ആയ Schoenstatt Mediaയിലും SALTTന്റെ Facebook & Instagram പേജുകളായ saltt Lifeschool ലും കാണാവുന്നതാണ്.

Please do Subscribe Our YouTube Channel "Schoenstatt Media" and Follow Our Pages "Saltt Lifeschool" at Facebook & Instagram





# വാർത്താജാലകം

❖ **ഭക്ഷ്യകിറ്റ് വിതരണം**

കൊവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ഷേൺസ്റ്റാട്ട് സഭയുടെ സാമൂഹിക സേവനവിഭാഗമായ ജീവാലയ സോഷ്യൽ സർവ്വീസ് സെന്ററിന്റെ നേതൃത്വത്തിൽ പിന്നോക്ക അവസ്ഥയിലുള്ള കുടുംബ ങ്ങൾക്കും ജീവാലയ സ്കോളർഷിപ്പ് പ്രോഗ്രാമിനു അർഹരായ കുട്ടികളുടെ കുടും ബങ്ങൾക്കുമായി 60 ഭക്ഷ്യകിറ്റുകൾ വിത രണം ചെയ്തു. അരി, പഞ്ചസാര, ചെറുപ യർ, വൻപയർ, മുതിര, കടല, ഉരുളക്കിഴങ്ങ്, സവോള, ചെറു ഉള്ളി എന്നിവ അടങ്ങിയ ഭക്ഷ്യകിറ്റുകളാണ് വിതരണം ചെയ്തത്. ഡയറക്ടർ ഫാ. പ്രവീൺ വാത്തേലിൽ, ബ്ര. അൻസൻ എന്നിവർ നേതൃത്വം നൽകി.

❖ **ഓണക്കിറ്റ് വിതരണം**

ഓണത്തോടനുബന്ധിച്ച് ജീവാലയ സോഷ്യൽ സർവ്വീസ് സെന്ററിന്റെ നേതൃത്വത്തിൽ 25 കുടുംബങ്ങൾക്ക് ഓണക്കിറ്റു കൾ വിതരണം ചെയ്തു. അരി പലചരക്ക്, പച്ചക്കറി, പായസകിറ്റ് എന്നിവ അടങ്ങിയ ഓണക്കിറ്റുകളാണ് കുടുംബങ്ങൾക്ക് നൽകി യത്

❖ **സാനിറ്റൈസർ, മാസ്ക് വിതരണം**

കോവിഡ്– 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജീവാലയ സോഷ്യൽ സർവ്വീസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെ ടുക്കപ്പെട്ട നൂറോളം കുടുംബങ്ങൾക്ക് സാനി റ്റൈസറും മാസ്കും വിതരണം ചെയ്തു. അവണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജയ ബാബുരാജ് വിതരണം ഉദ്ഘാടനം ചെയ്തു.

❖ **ചിത്രരചനാ മത്സരം**

ഓണത്തോടനുബന്ധിച്ച് ജീവാലയ സോഷ്യൽ സർവ്വീസ് സെന്റർ കുട്ടി കൾക്കായി ചിത്രരചനാമത്സരം സംഘടിപ്പി ച്ചു. നിരവധി കുട്ടികൾ പങ്കെടുത്ത മത്സര ത്തിൽ നിന്നും സമ്മാനാർഹരായ ശ്രാവൺ വി. എസ്., അതുൽകൃഷ്ണ കെ.എൻ., അഭി നവ സുധീർ, അഭിമന്യു സുധീർ, അലോക് കൃഷ്ണ എന്നിവർക്ക് വാർഡ് മെമ്പർ ജിഷ സുനിൽകുമാർ സമ്മാനങ്ങൾ വിതരണം ചെയ്തു.

❖ **SLA - Schoenstatt Language Academy**

സിയോൻ സെന്ററിൽ ഷേൺസ്റ്റാട്ട് അക്കാദ മിയുടെ ഭാഗമായ SLA അതിന്റെ വളർച്ചയുടെ പടവുകൾ ഓരോന്നായി കയറി 22 ബാച്ചുകളിലായി 295 സ്റ്റുഡന്റ്സ് ജർമ്മൻ ഭാഷ പഠിക്കുന്ന ഉന്നത വിദ്യാലയ മായി മാറിയിരിക്കുന്നു. SLA യുടെ ശാഖ യായി IELTS ആരംഭിച്ചുകഴിഞ്ഞു. Daily online Batches, Evening Batch, Weekend batch എന്നിങ്ങനെയുള്ള പാഠ്യപദ്ധതിക ളുമായി വിദേശത്ത്, പ്രത്യേകിച്ച് ജർമ്മനി യിൽ പഠിക്കുന്നതിനും ജോലി ചെയ്യുന്ന തിനും പര്യാപ്തമായ രീതിയിൽ വ്യക്തി കളെ വാർത്തെടുക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ച് മുന്നേറിക്കൊണ്ടിരിക്കുന്നു., കൂടുതൽ വിവരങ്ങൾക്ക് SLA യുമായി ബന്ധപ്പെടുക - Contact : 9447824812, 7994361013, അല്ലെങ്കിൽ സിയോൻ സെന്റ റിലേക്ക് വരികയോ ചെയ്യുക.

"ഓരോ തുള്ളി വെള്ളമിറക്കുമ്പോഴും കോഴി അതിന്റെ കൊക്ക് മുകളിലേയ്ക്ക് ഉയർത്തുന്നതുപോലെ നമ്മളും എല്ലാ കാര്യങ്ങളിലും ദൈവത്തിലേയ്ക്കു നോക്കുക"



# തീർത്ഥാടന മാതാവ്



പ്രസാദവരമാതാവിന്റെ പ്രത്യേക സാന്നിധ്യവും അമ്മയുടെ സാന്നിധ്യം വഴിയായിട്ട് ധാരാളമായി ദൈവാനുഗ്രഹവു പ്രാപിക്കുന്ന ഇടമാണ് ഷേൺസ്റ്റാട്ട് കപ്പേള. ഈ കപ്പേളയിൽ വസിക്കുന്ന അമ്മ ഏലീശാമ്മയെ സന്ദർശിച്ചതുപോലെ നമ്മുടെ കുടുംബങ്ങളേയും സന്ദർശിക്കാനും അനുഗ്രഹിക്കാനും ഈ നിയോഗത്തോടെ വീടുകളിലേക്ക് തീർത്ഥാടനമാതാവിന്റെ രൂപം കപ്പേളയിൽ നിന്നും കൊടുത്തുവിടുന്നു. ഒത്തിരി കുടുംബങ്ങൾ മാതാവിന്റെ രൂപം കുടുംബത്തിൽ സ്വീകരിക്കുകയും വലിയ ദൈവാനുഗ്രഹം നേടുകയും ചെയ്യുന്നുണ്ട്. നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ ഞങ്ങളെ അറിയിക്കണെ. Ph: 99 47 44 00 08 (ഫാ. വിൽസൻ പാറേക്കാട്ടിൽ)









# പ്രസാദവരനാഥ എന്റെ ജീവിതത്തിന്റെ മാന്ത്രിക താക്കോൽ



റാണി വിൻസെന്റ് തെള്ളിയാങ്കൽ

"എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്ന്" (ലൂക്കാ 1 :43).

2018 ജൂലായ് 3 മുതൽ 10 വരെയുള്ള ഒരു ആഴ്ച കാലഘട്ടം പ്രാർത്ഥനയിലൂടെയും, പരിത്യാഗത്തിലൂടെയും, പ്രസാദവരനാഥയുമായുള്ള സ്നേഹ ഉടമ്പടിക്കായി ഒരുങ്ങുകയും, പരിശുദ്ധ അമ്മയുമായി സ്നേഹ ഉടമ്പടി നടത്തുകയും ചെയ്ത് ആ ദിവസം ഇന്നും ഓർമ്മയിൽ മായാതെ കിടക്കുന്നു. പരിശുദ്ധ അമ്മയുമായുള്ള ആഴമേറിയ ബന്ധം എന്റെ വ്യക്തിജീവിതത്തിൽ പുതിയ വഴികൾ തുറന്നു കിട്ടുന്നതിന് സഹായകരമായി.

ക്രൈസ്തവ ജീവിതത്തിനാവശ്യമായ അടിത്തറ മാതാപിതാക്കളിൽ നിന്നും കിട്ടിയിരുന്നെങ്കിലും ചിലതെല്ലാം ഇനിയും ജീവിതത്തിൽ നേടിയെടുക്കാൻ ഉണ്ടായിരുന്നു. അതിനായി എന്നെ സഹായിച്ചത് പരിശുദ്ധ അമ്മയുമായി നടത്തിയ സ്നേഹ ഉടമ്പടിയാണ്. പ്രസാദവരനാഥയെ എന്റെ ജീവിതത്തിനോട് ചേർത്തുപിടിച്ചതുമൂലം ആത്മീയവും ഭൗതികവുമായ കാര്യങ്ങൾ എനിക്ക് സ്വന്തമാക്കാനായി. വിരലിൽ എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്തതിൽ അധികമായി അനുഗ്രഹങ്ങൾ പരിശുദ്ധ അമ്മ എന്റെ ജീവിതത്തിലേക്ക് ചൊരിഞ്ഞു. അവയിൽ ചിലത് ഞാൻ പങ്കുവയ്ക്കട്ടെ

* നിയോഗങ്ങൾ വച്ച് പ്രാർത്ഥിക്കുന്നത് ശീലമായി.
* വ്യക്തിപരമായ പ്രാർത്ഥിക്കാൻ ഏറെ സമയം കണ്ടെത്തി തുടങ്ങി.
* അടുക്കും ചിട്ടയും ജീവിതത്തിന്റെ വിവിധ തലങ്ങളിൽ സാധ്യമായി.
* ഏതു സാഹചര്യത്തെയും സമചിത്തതയോടെ നേരിടാൻ ആകുന്നു.
* മനസ്സുഖം ശാന്തമായ ഉറക്കം കൈമുതലായി.
* എന്നെ വേദനിപ്പിച്ചവർക്കായി ഹൃദയപൂർവ്വം പ്രാർത്ഥിക്കാൻ ആകുന്നു.
* ശ്രദ്ധയോടെ തിരുവചനം വായിക്കാനും അതിനെപ്പറ്റി ധ്യാനിക്കുവാനും സാധിക്കുന്നു.
* വിശുദ്ധ ബലിയും, ജപമാലയും, ബൈബിൾ പഠനവും അനു ദിനം ജീവിതത്തിന്റെ ഭാഗമായി.
* വിവിധ കാരണങ്ങളാൽ വേദനിക്കുന്നവർക്ക് ത്യാഗം എടുത്തു പ്രാർത്ഥിക്കുന്നു.
* മക്കൾ രണ്ടുപേരും അവർ ആഗ്രഹിച്ച രീതിയിൽ പഠിക്കുന്നു, ജോലി ചെയ്യുന്നു വിശ്വാസം ജീവിതം നയിക്കുന്നു...

അത് പരിശുദ്ധ അമ്മ എനിക്ക് ഒരു അമ്മയും അനുഗ്രഹത്തിന്റെ നീർച്ചാലുമാണ്. 'അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ.' (യോഹന്നാൻ 2– 15) ദൈവപുത്രൻ മനുഷ്യകുലത്തിന് പ്രവർത്തിച്ച ആദ്യ അത്ഭുതം പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം വഴിയാണ്. അന്ന് മാധ്യസ്ഥം വഹിച്ച പരിശുദ്ധ മാതാവ് അന്നും ഇന്നും എന്നും നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നുണ്ട്. എല്ലാ അത്ഭുതങ്ങളുടെയും വാതിൽ തുറക്കുന്ന താക്കോലാണ് നമ്മുടെ പ്രസാദവരനാഥ നമ്മുടെ അമ്മ!

ഷേൺസ്റ്റാട്ട് കപ്പേളയിൽ വാഴുന്ന
പ്രസാദവരനാഥയ്ക്ക് ഒരായിരം നന്ദി...

# പ്രസാദവര നാഥാ- ഞങ്ങളുടെ ഭവനത്തിന്റെ അമ്മ.

**റോബർട്ട് മോളി കാഞ്ഞിരത്തിങ്കൽ**

ഒരുപാട് പ്രാർത്ഥനകളുടെ ഉത്തരം തേടിയാണ് ഞാൻ പ്രസാദവരനാഥ ജീവിച്ചു വാഴുന്ന ഷേൺസ്റ്റാട്ട് കപ്പേളയിൽ എത്തുന്നത്. അവിടെ കയ്യിൽ ദിവ്യ ഉണ്ണിയുമായി കാത്തിരുന്നത് പ്രസാദവരമാതാവായിരുന്നു. ആ അമ്മയുമായുള്ള സ്നേഹ ബന്ധംമൂലം മാതാവിനെ ഞങ്ങളുടെ ഭവനത്തിലേക്ക് കൊണ്ടുവരുവാൻ ഞങ്ങൾ അതിയായി ആഗ്രഹിച്ചു. ഈ ആഗ്രഹം മാതാവ് അറിഞ്ഞു കാണണം. ഒരു ദിവസം അപ്രതീക്ഷിതമായി മാതാവിനെ ഞങ്ങളുടെ ഭവനത്തിലേക്ക് കൊണ്ടുവരുവാൻ ഇടയാവുകയും ചെയ്തു.

പരിശുദ്ധ മാതാവ് ഞങ്ങളുടെ ഭവനത്തിലേക്ക് കടന്നുവന്നപ്പോൾ ഞങ്ങളുടെ സന്തോഷത്തിന് അതിരുകൾ ഉണ്ടായിരുന്നില്ല. മാതാവ് ഞങ്ങളുടെ ഭവനത്തിൽ വന്നതുമുതൽ അനുദിനം അനുഗ്രഹങ്ങൾ ഞങ്ങളുടെ ജീവിതങ്ങളിലേക്ക് ഒഴുകുവാൻ ആരംഭിച്ചു. കടബാധ്യത മൂലം ആകുലപ്പെട്ടിരുന്ന ഞങ്ങളുടെ ജീവിതത്തിലേക്ക് ആശ്വാസം കടന്നുവന്നു. മകളുടെ വിസ അടിച്ചു കിട്ടാതെ വിഷമിച്ചിരുന്ന സമയത്ത് പരിശുദ്ധ അമ്മയുടെ ഇടപെടൽ വഴി വിസ അടിച്ചു കിട്ടി. പ്രാർത്ഥനയില്ലാത്ത അയൽവാസിയുടെ ഭവനത്തിലേക്ക് മാതാവിനെ കൊണ്ട് ചെന്നപ്പോൾ, അന്നുമുതൽ ഇന്നുവരെ ആ ഭവനത്തിൽ കുടുംബപ്രാർത്ഥന മുടങ്ങിയിട്ടില്ല.

മറ്റൊരു അനുഭവം എന്റെ അനിയത്തി പ്രാർത്ഥിക്കുമ്പോൾ പ്രസാദവരമാതാവിന്റെ രൂപം അവളുടെ മനസ്സിൽ കാണുകയും തുടർന്ന് ഒരു അഖണ്ഡ ജപമാല ചൊല്ലുവാനും അവൾക്ക് ആഗ്രഹമുണ്ടായി



ഇതേതുടർന്ന് ഞങ്ങളുടെ ഭവനത്തിൽ ഉപവാസം എടുക്കുകയും ഞങ്ങളെല്ലാവരും സെപ്റ്റംബർ ൮-൩൦ തീയതി മാതാവിന്റെ പിറന്നാൾ ദിനത്തിൽ രാവിലെ മുതൽ വൈകുന്നേരം വരെ അഖണ്ഡ ജപമാല ചൊല്ലി മാതാവിന് സമ്മാനമായി ഒരു കിരീടം അണിയിക്കുകയും ചെയ്തു. ഞങ്ങളുടെ കുടുംബം തുടർന്ന് നസ്രത്തിലെ കുടുംബത്തെ മാതൃകയാക്കി കൊണ്ട് ജീവിക്കുവാൻ ആരംഭിച്ചു. കൊറോണ എന്ന കുഞ്ഞൻ വൈറസ് ലോകമെമ്പാടും ഭയം പരത്തുമ്പോൾ വിദേശത്ത് ജോലി ചെയ്യുന്ന എന്റെ മകളെയും മരുമകനെയും ഈ മഹാമാരിയിൽ നിന്നും പരിശുദ്ധ അമ്മ കാത്ത് സംരക്ഷിക്കുന്നു. ഇത്രയധികം ഞങ്ങളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ഞങ്ങളുടെ ആഗ്രഹം തിരിച്ചറിഞ്ഞ് ഞങ്ങളുടെ ഭവനത്തിലേക്ക് കടന്നുവന്ന പരിശുദ്ധ അമ്മയ്ക്കും ഉണ്ണീശോയ്ക്കും എത്ര അധികം നന്ദി പറഞ്ഞാലും മതിവരില്ല. പ്രസാദവര മാതാവേ, അമ്മ ഞങ്ങളുടെ ഭവനത്തിൽ രാജ്ഞിയായി വാഴണമേ..

"പ്രസാദവര മാതാവേ, എന്റെ ജീവിതത്തിൽ എന്തൊക്കെ സംഭവിച്ചാലും ഞാൻ അങ്ങയിലും, അമ്മയുടെ ദിവ്യ ഉണ്ണിയിലും വിശ്വസിക്കുന്നു."

# നന്ദിയോടെ...

കഴിഞ്ഞ വർഷങ്ങളിൽ മരിയദൂതിനുവേണ്ടി സ്തുത്യർഹമായ സേവനം ചെയ്ത അച്ചന്മാരെ നന്ദിയോടെ ഓർക്കുന്നു:

**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch
**ഫാ. ഷാജൻ മാണിക്യത്താൻ** ISch
**ഫാ. ബിനോയ് പാണേൽ** ISch
**റവ. ഡോ. ജോയ് പുതുശ്ശേരി** ISch
**ഫാ. ജിജു കിലുക്കൻ** ISch
**ഫാ. ബിജോയ് കൊട്ടേക്കുടിയിൽ** ISch
**ഫാ. പ്രവീൺ വാത്തേലിൽ** ISch

# സ്വാഗതം

പുതുതായി ചുമതലയേൽക്കുന്ന അച്ചന്മാർക്ക് ആശംസകൾ...

**റവ. ഡോ. ജോയ് പുതുശ്ശേരി** ISch
**ഡോ. ഫാ. വിൽസൺ പാറേക്കാട്ടിൽ** ISch
**ഫാ. ഷാജൻ മാണിക്യത്താൻ** ISch
**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch
**ഫാ. ജെറിൻ ചൂണ്ടൽ** ISch
**ഫാ. ജെസ്റ്റിൻ വടക്കയിൽ** ISch
**ഫാ. ക്രിസ്റ്റോ കാരക്കാട്ട്** ISch
**ഡീ. റൊണാൾഡ് മോളത്ത്** ISch

# SION 50

ALL MY FOUNTAINS ARE IN YOU






# ഷേൺസ്റ്റാട്ട്

## വൈദിക സമൂഹത്തിലേക്ക്

## സ്വാഗതം





പരി. അമ്മയുമായുള്ള സ്നേഹ ഉടമ്പടിയിലൂടെ ജീവിത ത്തിന് ഒരു പുത്തൻശൈലി നൽകിക്കൊണ്ട് നവലോകസൃഷ്ടിക്കായ്, വിശ്വസ്തതയോടും വിശുദ്ധിയോടും, ദൈവത്തിനും ദൈവജനത്തിനുമായി സ്വയം സമർപ്പിച്ച് വൈദികരാകാൻ ആഗ്രഹിക്കുന്ന SSLC യോ, +2 വോ, ഉപരിവിദ്യാഭ്യാസമോ ഉള്ള യുവാക്കൾക്ക് ഷേൺസ്റ്റാട്ട് വൈദിക സമൂഹത്തിന്റെ കേരളത്തിലെ പ്രൊവിഡൻസ് റീജിയണിലേക്ക് ഹൃദ്യമായ സ്വാഗതം.


**Vocation Promoter**
**Mary Matha Schoenstatt Bhavan**
**Aloor P.O., Anathadam**
**Thrissur - 680 683**
**Mob: 7025819021, 8281640094, 9745594117**




" ജ്വലിക്കുന്ന നാളമായി നമുക്ക് എരിയാം
സസന്തോഷം ജനതകളിലേക്കിറങ്ങാം
രക്ഷാകര ദൗത്യത്തിന് സാക്ഷികളാകാം
എല്ലാവരേയും സഹർഷം
ത്രിത്വൈക ദൈവത്തിങ്കലേയ്ക്ക് നയിക്കാം..."

ദൈവദാസൻ ഫാ. ജോസഫ് കെന്റണിക്ക്


Published by: Schoenstatt Fathers, Sion Centre Kuttur P.O. Thrissur - 680 013, Printed at Santhibhavan © 0487 2428601